പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.301

16-03-2008-ൽ മറുപടിക്ക്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എൻ. ശക്തൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>പ്രൊഫ. കെ.വി.തോമസ് | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |

## കേന്ദ്ര ബഡ്ജറ്റ് ആനുകൂല്യങ്ങൾ നേടിയെടുക്കാൻ സെക്രട്ടറിതല സമിതി

| | | |
| --- | --- | --- |
| (എ) | ഇപ്രാവശ്യത്തെ കേന്ദ്ര ബഡ്ജറ്റിൽ സംസ്ഥാനത്തിന് എന്തെല്ലാം ആനുകൂല്യങ്ങൾ പ്രഖ്യാപിച്ചിട്ടുണ്ട്; | ഇപ്രാവശ്യത്തെ കേന്ദ്രബഡ്ജറ്റ് പ്രകാരം സംസ്ഥാനത്തിന് പ്രയോജനം ലഭിക്കാവുന്ന പ്രഖ്യാപനങ്ങൾ താഴെപ്പറയും പ്രകാരമാണ്.<br><br>1.ഉന്നതശാസ്ത്ര പഠനത്തിനായി തിരുവനന്തപുരത്ത് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ് എഡ്യൂക്കേഷൻ ആന്റ് റിസർച്ച് സ്ഥാപിക്കുമെന്ന പ്രഖ്യാപനം.<br><br>2. നാളികേരം, കശുവണ്ടി, കുരുമുളക് എന്നീ വിളകൾക്ക് നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പരിപാടിയിൽ പ്രത്യേക ഊന്നൽ നൽകുന്നതും തേയില, കുരുമുളക്, റബ്ബർ, ഏലം തുടങ്ങിയ നാണ്യവിളകളെയും കൂടി നാണ്യവിള ഇൻഷുറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്ന് പ്രഖ്യാപിച്ചതും. സ്പെഷ്യൽ പർപ്പസ് റ്റീ ഫണ്ട് മാതൃകയിൽ കാപ്പി, റബ്ബർ, ഏലം എന്നിവയ്ക്കും ഫണ്ട് അനുവദിക്കുമെന്ന് പ്രഖ്യാപിച്ചതും .<br><br>3. തോട്ടം മേഖലയുടെ ഉന്നമനവുമായി ബന്ധപ്പെട്ട ഗവേഷണത്തിന് തിരുവനന്തപുരം ആസ്ഥാനമായി പ്രവർത്തിക്കുന്ന സെന്റർ ഫോർ ഡവലപ്മെന്റ് സ്റ്റഡീസിന് 5 കോടി രൂപയുടെ ധനസഹായം.<br><br>4. കയർ ബോർഡിനെ ആദായ നികുതിയിൽ നിന്ന് ഒഴിവാക്കുന്നത് കേരളത്തിലെ കയർ വ്യവസായത്തിന് സഹായകമാകും.<br><br>5. നാഷണൽ മീൻസ് കം സ്കോളർഷിപ്പ് പദ്ധതിയുടെ ബഡ്ജറ്റ് വിഹിതം 750 കോടി രൂപയായി വർദ്ധിപ്പിച്ചത് സംസ്ഥാനത്തെ സ്കോളർഷിപ്പിന് അർഹരായ വിദ്യാർത്ഥികൾക്കും ഗുണകരമാകും. |

6. മിഡ് ഡേ മീൽസ് സ്കീം രാജ്യത്തെ എല്ലാ ബ്ളോക്കുകളിലെയും സർക്കാർ / എയിഡഡ് സ്കൂളുകളിലെ അപ്പർ പ്രൈമറിതലംവരെയുള്ള വിദ്യാർത്ഥികൾക്കും വ്യാപിപ്പിക്കുന്നത്.

7. വൃദ്ധജനങ്ങൾക്കുവേണ്ടിയുള്ള ദേശീയ പരിപാടിയുടെ ഭാഗമായി 400 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും ഒരു മെഡിക്കൽ കോളേജിൽ വൃദ്ധജന പരിപാലനവകുപ്പ് സ്ഥാപിക്കാനാവും.

8. അംഗൻവാടി വർക്കേഴ്സിന്റെ പ്രതിമാസ വേതനം 1000 രൂപയിൽ നിന്ന് 1500 രൂപയായും അംഗൻവാടി ഹെൽപ്പേഴ്സിന്റെ പ്രതിമാസവേതനം 500 രൂപയിൽ നിന്ന് 750 രൂപയായും വർദ്ധിപ്പിച്ചത് സംസ്ഥാനത്തിന് പ്രയോജനപ്രദമാണ്.

9.ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി രാജ്യത്തെ എല്ലാ ഗ്രാമീണ ജില്ലകളിലേക്കും വ്യാപിപ്പിക്കാനുള്ള പ്രഖ്യാപനം സംസ്ഥാനത്തെ ജില്ലകളെയും ഈ പദ്ധതിയിൻകീഴിൽ കൊണ്ടുവരുന്നതിന് സഹായകരമാണ്.

10. കേന്ദ്ര ബഡ്ജറ്റിൽ പ്രഖ്യാപിച്ച കാർഷിക കടാശ്വാസ പദ്ധതി സംസ്ഥാനത്തെ കർഷകർക്കും പ്രയോജനപ്രദമാകുമെന്ന് കരുതുന്നു.

11.സ്റ്റേറ്റ് വൈഡ് ഏര്യാ നെറ്റ് വർക്ക് സ്കീമിന്റെ കീഴിൽ സ്റ്റേറ്റ് ഡാറ്റാ സെന്ററുകൾ സ്ഥാപിക്കുന്നതിന് തുക വകയിരുത്തിയിട്ടുള്ളത് സംസ്ഥാനത്തിനും പ്രയോജനപ്രദമാണ്.

12. രാജ്യത്തെ ഐ.ടി.ഐ കളുടെ അപ്ഗ്രഡേഷനു വേണ്ടിയും സൈനിക സ്കൂളുകളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും വേണ്ടി പ്രഖ്യാപിച്ചിട്ടുള്ള പദ്ധതികൾ.

(ബി) ഈ ആനുകൂല്യങ്ങൾ കാലതാമസം കൂടാതെ നേടിയെടുക്കുന്നതിനും തുടർനടപടികൾ സ്വീകരിക്കുന്നതിനും വേണ്ടി ഗവൺമെന്റ് സെക്രട്ടറിമാരുടെ ഒരു സമിതി രൂപീകരിക്കുമോ;

ഇപ്പോൾ പരിഗണനയിലില്ല

| | | |
|---|---|---|
| (ഡി) | ഈ സമിതിയുടെ പ്രവർത്തനം അവലോകനം ചെയ്യുന്നതിന് സംസ്ഥാനത്തെ രാഷ്ട്രീയ കക്ഷികളുടെ പ്രതിനിധികൾ ഉൾക്കൊള്ളുന്ന ഒരു കൺട്രോൾ കമ്മീഷനു രൂപം കൊടുക്കുമോ? | ഭരണപരമായ നടപടിക്രമങ്ങൾ അവലോകനം ചെയ്യുന്നതിന് രാഷ്ട്രീയകക്ഷി പ്രതിനിധികൾ ഉൾക്കൊള്ളുന്ന കൺട്രോൾ കമ്മീഷനുകൾ സാധാരണ രൂപീകരിക്കാറില്ല. ഇത് മന്ത്രിസഭാതലത്തിൽ അവലോകനം ചെയ്യാവുന്നതേയുള്ളൂ. ഇതിനായി പ്രത്യേക കൺട്രോൾ കമ്മീഷനുകൾ രൂപീകരിക്കേണ്ട ആവശ്യമുണ്ടെന്ന് കരുതുന്നില്ല. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 302 | 18.03.08ൽ മറുപടിക്ക്

**മാർജിൻഫ്രീ മാർക്കറ്റുകൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. സി. മൊയ്തീൻ<br>" എ. എം. യൂസഫ്<br>" പി. വിശ്വൻ<br>" വി. എൻ. വാസവൻ<br>ശ്രീമതി. കെ. കെ. ലതിക | ശ്രീ. സി. ദിവാകരൻ<br>( ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി) |
| (എ) മാർജിൻഫ്രീ മാർക്കറ്റുകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും പ്രത്യേക നിബന്ധനകളോ, രജിസ്ട്രേഷനോ ആവശ്യമുണ്ടോ; | (എ) ബന്ധപ്പെട്ട സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസ് ആവശ്യമാണ്. |
| (ബി) ഇവിടെനിന്നും വാങ്ങുന്ന സാധനങ്ങൾക്ക് വില കുറച്ച് നൽകുന്നുണ്ടോ എന്ന് പരിശോധിക്കാൻ സംവിധാനമുണ്ടോ; | (ബി) ഉണ്ട്. |
| (സി) വില കുറച്ച് നൽകാത്ത സ്ഥാപനങ്ങൾ മാർജിൻഫ്രീ ബോർഡ് വെയ്ക്കുന്നത് നിരോധിക്കുമോ | (സി) ഇത്തരം സ്ഥാപനങ്ങളെ നിരോധിക്കാനുള്ള അധികാരം അതാതു ജില്ലാ കളക്ടർമാരിൽ നിക്ഷിപ്തമാണ്. |

| | |
|---|---|
| (ഡി) മാർക്കറ്റ് വിലയുടെ പകുതി വിലയ്ക്ക് സാധനം വിതരണം ചെയ്ത മാർജിൻഫ്രീ ഹോം ക്ലബ് സൊസൈറ്റിക്കെതിരെ സ്വീകരിച്ച നിയമനടപടിയുടെ ഇപ്പോഴത്തെ അവസ്ഥ വെളിപ്പെടുത്തുമോ? | (ഡി) മാർജിൻ ഫ്രീ ഹോം ക്ലബ്ബ് സൊസൈറ്റി പ്രസിഡൻറ് ശ്രീ. മിത്രനേയും മറ്റുള്ളവരേയും പ്രതിയാക്കി തമ്പാനൂർ പോലീസ് സ്റ്റേഷനിൽ 305/06 നമ്പരായി 420 ഐ. പി. സി. 45 റ്റി.(1), (2), ആർ. ബി. ഐ ആക്ട് എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുള്ളതും അന്വേഷണത്തിൻെറ ഭാഗമായി തൈക്കാട് പ്രവർത്തിച്ചിരുന്ന മാർക്കറ്റിംഗ് ഷോപ്പ് അടച്ച് സീൽ ചെയ്തിട്ടുള്ളതും ടി സ്ഥാപനവുമായി ബന്ധപ്പെട്ട് പ്രവർത്തിച്ചിരുന്ന അനന്തപുരി എൻറർപ്രൈസസ് എന്ന സ്ഥാപനവും അടച്ചുപൂട്ടിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 303 — 18.03.2008-ൽ മറുപടിക്ക്

## വിദേശത്ത് പോകുന്നതിന് ബാങ്ക് ഗ്യാരന്റി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. പ്രകാശൻ മാസ്റ്റർ:<br>ശ്രീ. ബാബു. എം. പാലിശ്ശേരി:<br>ശ്രീ. സി.എച്ച്. കുഞ്ഞമ്പു:<br>ശ്രീ. എം.എം. മോനായി:<br>ശ്രീ. മഞ്ഞളാംകുഴി അലി: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) എസ്. എസ്. എൽ. സി. പാസ്സാകാത്തവർ വിദേശത്ത് പോകുന്നതിന് വിദേശത്തെ സ്പോൺസർ 2500 യു.എസ്. ഡോളർ ബാങ്ക് ഗ്യാരന്റി നൽകണമെന്ന് വ്യവസ്ഥ ചെയ്ത് കേന്ദ്ര സർക്കാർ എമിഗ്രേഷൻ നിയമത്തിൽ ഭേദഗതി വരുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) പ്രതിവർഷം ഒരുലക്ഷം പേരോളം ഗൾഫ് രാജ്യങ്ങളിലേയ്ക്ക് പോകുന്ന കേരളത്തെ ഇത് എങ്ങനെ ബാധിക്കുമെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ഇൻഡ്യയിൽ നിന്ന് ഒറ്റപ്പെട്ട വ്യക്തിഗത റിക്രൂട്ട്മെന്റ് നടത്തുന്ന വിദേശ തൊഴിൽ ദാതാക്കൾക്കു മാത്രമേ 2500 അമേരിക്കൻ ഡോളറിന്റെ ബാങ്ക് ഗ്യാരന്റി നൽകേണ്ടതുള്ളൂ. കരാർ കാലാവധി പൂർത്തിയാക്കി എല്ലാ ആനുകൂല്യങ്ങളും നൽകി എന്ന് എംബസിക്ക് ബോധ്യപ്പെട്ടാൽ സ്പോൺസർമാർക്ക് ഈ ബാങ്ക് ഗ്യാരന്റി തിരിച്ച് നൽകുന്നതുമാണ്. തുടർച്ചയായി റിക്രൂട്ട്മെന്റ് നടത്തുന്ന പെർമിറ്റുള്ള വിദേശ തൊഴിൽ ദാതാക്കൾക്കും ഇൻഡ്യയിലെ രജിസ്ട്രേഡ് റിക്രൂട്ടിംഗ് ഏജന്റുകൾ മുഖാന്തിരം റിക്രൂട്ട് ചെയ്യപ്പെടുന്ന തൊഴിലാളികൾക്കും ഈ വ്യവസ്ഥ ബാധകമല്ല. വളരെ കുറച്ച് വിദേശതൊഴിൽ ദാതാക്കളെ മാത്രമേ ഈ വ്യവസ്ഥ ബാധിക്കുകയുള്ളൂ എന്നാണ് വിലയിരുത്തൽ. |

| | |
|---|---|
| (സി) സ്പോൺസർമാർ തൊഴിൽ കരാർ പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിന് നിലവിൽ എന്തെങ്കിലും സംവിധാനം ഉണ്ടോ; | (സി) വിദേശത്ത് തൊഴിൽ തർക്കം ഉണ്ടാകുന്ന അവസരത്തിൽ ഇൻഡ്യൻ മിഷൻ അവിടുത്തെ പ്രാദേശിക ഗവൺമെന്റിന്റെ സഹായത്തോടെ, സ്പോൺ സർമാർ തൊഴിൽ കരാർ പാലിക്കുന്നു എന്ന് ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുന്നുണ്ട്. കോൺട്രാക്ട് വ്യവസ്ഥകൾ പാലിക്കാത്ത തൊഴിൽ ദാതാക്കളെ മുൻ അംഗീകാരം വേണ്ട പട്ടികയിൽ ഉൾപ്പെടുത്തുന്നുണ്ട്. |
| (ഡി) സാധാരണക്കാർക്ക് ലഭ്യമായ വിദേശ തൊഴിൽ സാധ്യത ഇല്ലാതാക്കുന്ന ഈ നിയമഭേദഗതി പിൻവലിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (ഡി) തൊഴിലാളികളെ നേരിട്ട് വ്യക്തിഗത റിക്രൂട്ട്മെന്റ് നടത്തുന്ന തൊഴിലുടമകളിൽ നിന്ന് ഇവർക്ക് കടുത്ത ചൂഷണവും പീഡനവും നേരിടുന്നത്. തടയുന്നതിനുവേണ്ടിയാണ് ഈ നിബന്ധനകൾ കേന്ദ്ര സർക്കാർ കൊണ്ടുവന്നിട്ടുള്ളത് എന്നാണ് കേന്ദ്രസർക്കാർ വ്യക്തമാക്കിയിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.304 18.3.2008 ൽ മറുപടിക്ക്

## പക്ഷിപ്പനി തടയാൻ മുൻകരുതൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ചന്ദ്രൻ:<br>ശ്രീ. വി.എസ് . സുനിൽകുമാർ:<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ:<br>ശ്രീമതി ഇ.എസ്. ബിജി മോൾ:<br>ശ്രീ.കെ. രാജു: | ശ്രീ.സി. ദിവാകരൻ<br>(ബഹു.ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). |
| (എ) കേരളത്തിൽ എവിടെയെങ്കിലും പക്ഷിപ്പനി റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാം; | (എ) ഇല്ല. |
| (ബി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് സ്വീകരിച്ചിട്ടുള്ള മുൻകരുതലുകൾ എന്തെല്ലാമാണ്; | (ബി) പക്ഷിപ്പനിയുമായി ബന്ധപ്പെട്ട മൃഗസംരക്ഷണവകുപ്പിലെ ജില്ലാ ഓഫീസറൻമാർ താഴെപ്പറയുന്ന മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>വളർത്തു പക്ഷികളിൽ വ്യാപകമായോ അസാധാരണമായോ മരണം ഉണ്ടാകുന്നുണ്ടെങ്കിൽ മൃഗസംരക്ഷണവകുപ്പ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽപ്പെടുത്തണമെന്ന് പൊതുജനങ്ങൾക്ക് അറിയിപ്പ് നൽകി. സംസ്ഥാന ജന്തുരോഗ എമർജൻസി കമ്മിറ്റി അടിയന്തിരമായി യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തുകയും മുൻകരുതൽ നടപടികൾ നിർദ്ദേശിക്കുകയും ചെയ്തു. ഇതേ തുടർന്ന് |

എല്ലാ ജില്ലകളിലുമുള്ള ദ്രുതകർമ്മ സേനയെ (Rapid Response Team) സജ്ജമാക്കി. ചെക്കു പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുകയും അയൽ സംസ്ഥാനങ്ങളിൽ നിന്നുവരുന്ന കോഴികളെ പരിശോധിക്കുന്നത് ഊർജ്ജിതപ്പെടുത്തുകയും ചെയ്തു. എല്ലാ ചെക്ക് പോസ്റ്റുകളിലും പരിശോധനയ്ക്കായി വെറ്ററിനറി ഡോക്ടർമാരെ നിയോഗിക്കുകയുണ്ടായി. സർക്കാർ ഫാമുകളിൽ സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തി.

ദേശാടനപക്ഷികളുടെ ആവാസ കേന്ദ്രങ്ങളിൽ രോഗപര്യവേക്ഷണം ഊർജ്ജിതപ്പെടുത്തുകയും സാമ്പിളുകൾ ശേഖരിച്ച് ബാംഗ്ലൂരിലെ കേന്ദ്ര ഗവൺമെൻറ് ലബോറട്ടറികളിലേയ്ക്ക് അയയ്ക്കുകയും ചെയ്തു വരുന്നു.

വെറ്ററിനറി ഡോക്ടർമാരും മറ്റ് സാങ്കേതിക ഉദ്യോഗസ്ഥർക്കും രോഗനിയന്ത്രണ പരിപാടികളെ സംബന്ധിച്ചും മുൻകരുതലുകളെ സംബന്ധിച്ചും ബോധവൽക്കരണം, പരിശീലനം എന്നിവ നൽകി വരുന്നു.

| | |
|---|---|
| (സി) സംസ്ഥാനത്തിന് ആവശ്യമുള്ള കോഴിയും, കോഴിമുട്ടയും ഏതെല്ലാം സംസ്ഥാനങ്ങളിൽ നിന്നാണ് കൊണ്ടു വരുന്നതെന്ന് വെളിപ്പെടുത്തുമോ; | (സി) സംസ്ഥാനത്തിനാവശ്യമായ കോഴിയുടേയും, കോഴിമുട്ടയുടേയും സിംഹഭാഗവുംവരുന്നത് തമിഴ്നാട്, ആന്ധ്രാപ്രദേശ്, കർണ്ണാടക തുടങ്ങിയ അയൽ സംസ്ഥാനങ്ങളിൽ നിന്നാണ്. |

| | | | |
|---|---|---|---|
| (ഡി) | ഇവ സംസ്ഥാനത്തേയ്ക്ക് കടത്തുന്നതിനു മുമ്പ് എന്തെല്ലാം പരിശോധനകൾക്കാണ് വിധേയമാക്കുന്നതെന്ന് വിശദമാക്കുമോ? | (ഡി) | അയൽ സംസ്ഥാനങ്ങളിൽ നിന്നെത്തുന്ന കോഴി, മുട്ട എന്നിവ സംസ്ഥാനത്തേയ്ക്ക് കടക്കുന്നതിനു മുമ്പായി താഴെ പറയുന്ന പരിശോധനകൾ നടത്തുന്നു.<br><br>1. ചെക്ക് പോസ്റ്റുകളിൽ വച്ച് കോഴികൾക്ക് രോഗബാധയുണ്ടോ എന്നുള്ള ബാഹ്യപരിശോധന നടത്തുന്നു.<br>2. കോഴികളിൽ നിന്ന് രക്ത സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്കയക്കുന്നു.<br>3. കോഴി, മുട്ട എന്നിവ പ്രധാന കോഴിരോഗങ്ങൾക്കെതിരെ പ്രതിരോധ കുത്തിവയ്പ്പ് എടുത്തിട്ടുള്ള കേന്ദ്രങ്ങളിൽ നിന്നാണെന്ന സർട്ടിഫിക്കറ്റ് പരിശോധിക്കുന്നു. |

Omanakumari

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 305 — 18-03-2008 ൽ മറുപടിയ്ക്ക്

## എയർക്രാഫ്റ്റ് യൂണിറ്റിന്റെ പ്രവർത്തനം

| ചോദ്യം:<br>ശ്രീ വി.ജെ.തങ്കപ്പൻ :<br>ശ്രീ ആനത്തലവട്ടം ആനന്ദൻ :<br>ശ്രീമതി.ജെ.അരുന്ധതി :<br>ശ്രീ.വി.ശിവൻകുട്ടി :<br>ശ്രീ.ആർ.സെൽവരാജ് : | ഉത്തരം<br>ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ). തിരുവനന്തപുരത്ത് പ്രവർത്തനമാരംഭിക്കുന്ന എയർ ഇൻഡ്യയുടെ എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റിന്റെ നിർമ്മാണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത് ; | (എ). എയർഇന്ത്യയുടെ 70 കോടി രൂപ. തുടക്കത്തിൽ മുതൽ മുടക്ക് പ്രതീക്ഷിക്കുന്ന എയർക്രാഫ്റ്റ് മെയിന്റനൻസ് യൂണിറ്റ് തിരുവനന്തപുരത്ത് സ്ഥാപിക്കുന്നതിനായി സംസ്ഥാന സർക്കാർ 15 ഏക്കർ ഭൂമി സൗജന്യമായി എയർ ഇന്ത്യയ്ക്ക് നൽകുകയുണ്ടായി. എയർക്രാഫ്റ്റ് മെയിന്റനൻസ് സെന്ററിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉത്ഘാടനം 2008 മാർച്ച് 1-ാം തിയതി ബഹു:മുഖ്യമന്ത്രി നിർവഹിക്കുകയുണ്ടായി |
| (ബി). ഇവിടെ പ്രവർത്തിച്ചിരുന്ന റബ്ബർ ഫാക്ടറിയിലെ തൊഴിലാളികൾക്ക് മൊത്തം എത്ര കോടി രൂപയുടെ ആനുകൂല്യം നൽകി ; | (ബി). 8.30 കോടി രൂപ |
| (സി). യൂണിറ്റിന്റെ പണി എന്നത്തേയ്ക്ക് പൂർത്തിയാക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ; | (സി). 12 മാസത്തിനുള്ളിൽ പണി പൂർത്തിയാക്കാനാണ് എയർ ഇൻഡ്യ ലക്ഷ്യമിട്ടിട്ടുള്ളത് . |
| (ഡി). വിമാനത്താവളത്തിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്ന കാര്യത്തിൽ എത്രമാത്രം പുരോഗതി ഉണ്ടായിട്ടുണ്ട് ? | (ഡി).എയർപോർട്ട് അതോറിറ്റി ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾക്ക് ഭൂമി ഏറ്റെടുത്തു നൽകിക്കഴിഞ്ഞു. 2008 ഡിസംബറോടുകൂടി ഇത് പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരളനിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നംപർ 306 — 18.03.2008 ൽ മറുപടിക്ക്

" സർക്കാർ ആഭിമുഖ്യത്തിൽ ഡയറി "

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ: എം.എൽ.എ.<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: എം.എൽ.എ.<br>ശ്രീ. സി.പി. മുഹമ്മദ്: എം.എൽ.എ. | ശ്രീ.സി.ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പ് മന്ത്രി). |
| (എ) സർക്കാർ ആഭിമുഖ്യത്തിൽ ഡയറി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇത് എന്ന് സ്ഥാപിക്കും; | (എ) ക്ഷീരവികസനത്തിന് ഏറ്റവും അനുയോജ്യമായ സാഹചര്യമുള്ള വയനാട്, ഇടുക്കി ജില്ലകളിലായി രണ്ട് ഹൈടെക് ഡയറി ഫാമുകൾ എൻ.ആർ.ഐ. പങ്കാളിത്തത്തോടെ സ്ഥാപിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ട്. ഇതു 2008-09 സാമ്പത്തിക വർഷം സാദ്ധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ബി) ഇത് 'മിൽമ' യെ ഏത് വിധത്തിൽ ബാധിക്കും ; | (ബി) ഈ ഫാമുകളിൽ ഉല്പാദിക്കുന്ന പാൽ സംഭരിച്ചു വിപണനം നടത്തിയാൽ മിൽമയ്ക്ക് സഹായകരമായിരിക്കും. |
| (സി) 'മിൽമ' യ്ക്ക് ഇപ്പോൾ എന്തെല്ലാം സഹായങ്ങളും സൗജന്യങ്ങളും സർക്കാർ നല്കി വരുന്നു; | (സി) മിൽമയ്ക്ക് ക്ഷീരവികസന വകുപ്പിൻെറ വാർഷിക പദ്ധതിയിലുൾപ്പെടുത്തി റിവോൾവിംഗ് ഫണ്ട് / ഗ്രാൻറ് ഇൻ എയ്ഡ് ഇനത്തിൽ ധനസഹായം നൽകി വരുന്നു. കൂടാതെ |

കേന്ദ്ര സഹായ പദ്ധതിയിൽ ഉൾപ്പെടുത്തി മിൽമയുടെ ഡയറി, ചില്ലിംഗ് സെൻറർ എന്നിവയുടെ പശ്ചാത്തല സൗകര്യ വികസനത്തിന് ഇൻറൻസീവ് ഡയറി ഡവലപ്പ്മെൻറ് പദ്ധതി (ഐ.ഡി.ഡി.പി.) പ്രകാരവും പാലിൻെറ ഗുണമേന്മ മെച്ചപ്പെടുത്തുന്നതിലേയ്ക്കുള്ള ബൾക്ക് മിൽക്ക് കൂളർ ഉൾപ്പെടെയുള്ള സംവിധാനങ്ങൾ ഒരുക്കുന്നതിലേയ്ക്കായി സ്റ്റെങ്രത നിംഗ് ഇൻഫ്രാ സ്ട്രക്ചർ, ഫോർക്വാളിറ്റി ആൻറ് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ (എസ്.ഐ.ക്യു & സി.എം.പി) പദ്ധതി പ്രകാരമുള്ള ധനസഹായവും മിൽമയ്ക്ക് നൽകി വരുന്നു. (ഇവയ്ക്ക് പുറമെ 12-2-08 പ്രാബല്യത്തിൽ വന്ന മിൽമ പാലിൻെറ ലിറ്ററൊന്നിന് രണ്ട് രൂപയുടെ വർദ്ധനവിൽ നിന്നും 28 പൈസ മിൽമയ്ക്ക് ലഭ്യമാക്കിയിട്ടുണ്ട്).

(ഡി) ഈ സഹായങ്ങളും സൗജന്യങ്ങളും സർക്കാർ ആഭിമുഖ്യത്തിൽ ഡയറി സ്ഥാപിക്കുമ്പോഴും തുടരുമോ എന്ന് വ്യക്തമാക്കാമോ?

(ഡി) സർക്കാർ ആഭിമുഖ്യത്തിൽ ഡയറി തുടങ്ങിയാലും, മിൽമയ്ക്കുള്ള സഹായങ്ങൾ തുടരുന്നതിൽ നിയമപരമായി തടസ്സമില്ല.

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 307 — 18-03-2008 ൽ മറുപടിയ്ക്ക്

## കൊല്ലം - ചെങ്കോട്ട റെയിൽപ്പാത

ചോദ്യം:
ശ്രീ ജോസഫ്.എം.പുതുശ്ശേരി :
ശ്രീ.റോഷി അഗസ്റ്റിൻ :
ശ്രീ.തോമസ് ചാഴികാടൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). കൊല്ലം ചെങ്കോട്ട റെയിൽപ്പാത ബ്രോഡ്ഗേജ് ആക്കിമാറ്റുന്ന പ്രവർത്തനങ്ങൾ ഏതു ഘട്ടത്തിലാണെന്നറിയിക്കാമോ ;

(ബി). ബ്രോഡ്ഗേജാക്കി എന്നത്തേക്ക് റെയിൽ ഗതാഗതം ആരംഭിയ്ക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത് ;

(എ). യും (ബി). യും

കൊല്ലം-ചെങ്കോട്ട മീറ്റർഗേജ് റെയിൽപാത ബ്രോഡ്ഗേജ ആക്കുന്നതിന് റെയിൽ മന്ത്രാലയം അനുമതി നൽകുകയും 2008-2009-ലെ റെയിൽ ബഡ്ജറ്റിൽ ഇതിനായി ഏകദേശം 9. കോടിയോളം രൂപാ വകയിരുത്തുകയും ചെയ്തിട്ടുള്ളതായി അറിയാൻ കഴിഞ്ഞിട്ടുണ്ട്. കൊല്ലം-പുനലൂർ വരെയുള്ള ഗേജ്മാറ്റത്തിനുള്ള പണികൾ ധ്രുതഗതിയിൽ പൂർത്തിയായിവരുന്നു എന്നും 2008 മേയ് 31 ന് പണിപൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്നും റെയിൽ അധികൃതർ അറിയിച്ചിട്ടുണ്ട്.

(സി). പ്രസ്തുത നിർമ്മാണ പ്രവർത്തനത്തിൽ റെയിൽപ്പാത ഇരട്ടിപ്പിക്കുന്നതിന് ഉദ്ദേശമുണ്ടോ ;

(ഡി). പ്രസ്തുത പാത വൈദ്യുതീകരിക്കുവാൻ ഉദ്ദേശമുണ്ടോ ?

(സി). യും (ഡി) യും

ഈ പാത ഇരട്ടിപ്പിക്കുന്നതിനും, വൈദ്യുതീകരിക്കുന്നതിനും ഇതുവരെ റെയിൽ മന്ത്രാലയം അനുമതി നൽകിയിട്ടില്ല.

സെക്ഷൻ ഓഫീസർ

— — —

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 308 — 18.3.2008-ലെ മറുപടിക്ക്.

## നിയമനങ്ങൾക്ക് പി.എസ്.സി. അനുവർത്തിച്ചുവരുന്ന നടപടിക്രമം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.എ.പ്രദീപ് കുമാർ<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.ഹംസ<br>ശ്രീ. മുരളി പെരുനെല്ലി<br>ശ്രീ.പി.ടി.എ.റഹിം | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>മുഖ്യമന്ത്രി |
| (എ) സർക്കാർ നിയമനങ്ങൾക്ക് സംവരണം നൽകുന്നതിന് പി.എസ്.സി. അനുവർത്തിച്ചു വരുന്ന നടപടിക്രമം വ്യക്തമാക്കുമോ; ഇതിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; | (എ) സർക്കാർ നിയമനങ്ങളിൽ സംവരണം നൽകുന്നത് സംബന്ധിച്ച് 1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് റൂൾസിലെ വ്യവസ്ഥ അനുബന്ധം ഒന്നായി ചേർത്തിട്ടുണ്ട്. സിവിൽ അപ്പീൽ 3361/02, 3362/02, റിട്ട് പെറ്റീഷൻ 322/2001 എന്നിവയിൽ സുപ്രീം കോടതി പുറപ്പെടുവിച്ച 24.2.2005-ലെ ഇടക്കാല ഉത്തരവിന്റെയും 28.3.2006-ലെ അന്തിമവിധിയുടേയും അടിസ്ഥാനത്തിൽ ആംഗ്ലോ ഇന്ത്യൻ, SIUC-നാടാർ, ഹിന്ദു നാടാർ, ലത്തീൻ കാത്തലിക് എന്നീ സമുദായങ്ങൾ ഉൾപ്പെട്ടിരുന്ന ഗ്രൂപ്പുകളിലും പ്രസ്തുത സമുദായങ്ങൾക്ക് മേൽപ്പറഞ്ഞ ചട്ടപ്രകാരം അനുവദിച്ചിരുന്ന സംവരണ അനുപാതത്തിലും താൽക്കാലികമായി ഭേദഗതി വരുത്തിക്കൊണ്ട് (അനുബന്ധം രണ്ട് കാണുക) കേരള പബ്ളിക് സർവീസ് കമ്മീഷൻ ഉത്തരവു പുറപ്പെടുവിച്ചു. പി.എസ്.സി.യുടെ 12.4.2005-ലെ A VII (2) 3647/01/ GW നമ്പർ അനൗദ്യോഗിക കുറിപ്പും 24.4.2006-ലെ 19/2006-ാം നമ്പർ സർക്കുലറും യഥാക്രമം അനുബന്ധം മൂന്നും നാലുമായി ചേർത്തിട്ടുള്ളത് കാണുക. നിലവിലുള്ള നടപടിക്രമങ്ങളിൽ മാറ്റം വരുത്തുന്നതിനുള്ള നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല. |

| | |
|---|---|
| (ബി) ഓരോ വിഭാഗത്തിനും നിലവിലുള്ള സംവരണ അനുപാതം എങ്ങനെയാണ്; | (ബി) വിശദവിവരം അനുബന്ധം രണ്ടായി ചേർക്കുന്നു. |
| (സി) നൂറു പേരുള്ള ഓരോ യൂണിറ്റ് അടിസ്ഥാനത്തിൽ സംവരണം ഏർപ്പെടുത്താൻ ആലോചന യുണ്ടോ; ഇതിന്റെ ഗുണദോഷ ങ്ങൾ വ്യക്തമാക്കുമോ? | (സി) നിയമനങ്ങൾ നിലവിലുള്ള 20 യൂണിറ്റിന്റെ അടിസ്ഥാനത്തിൽ നടത്തുന്നതിന് പകരം 100 യൂണിറ്റിന്റെ അടിസ്ഥാനത്തിൽ നടത്തുന്നത് സംബന്ധിച്ച ഒരു നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

## അനുബന്ധം 1

1958-ലെ കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവീസസ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലെ സംവരണ വ്യവസ്ഥകൾ പ്രകാരം ഓരോ വിഭാഗത്തിനും ഉള്ള സംവരണ അനുപാതം സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നമ്പർ | വിഭാഗം | ലാസ്റ്റ് ഗ്രേഡ് സർവീസിലെ തസ്തികകൾ | ലാസ്റ്റ് ഗ്രേഡ് സർവീസിൽ ഉൾപ്പെടാത്ത തസ്തികകൾ |
|---|---|---|---|
| 1 | Open Competition (OC) (ഓപ്പൺ കോമ്പറ്റീഷൻ) | 50 | 50 |
| 2 | Scheduled Caste (പട്ടികജാതി) | 8 | 8 |
| 3 | Scheduled Tribe (പട്ടികവർഗ്ഗം) | 2 | 2 |
| 4 | Ezhavas, Thiyyas and Billavas (ഈഴവ,തീയ്യരും, ബില്ലാവരും) | 11 | 14 |
| 5 | Muslims (മുസ്ലീം) | 10 | 12 |
| 6 | ***Latin Catholics and Anglo Indians*** *(ലാറ്റിൻ കാത്തലിക്കരും ആംഗ്ലോ ഇന്ത്യനും)* | *4* | *4* |
| 7 | ***Nadars (Hindu Nadars and Nadars included in SIUC)*** *നാടാർ (ഹിന്ദു നാടാരും എസ്.ഐ.യു.സി യിൽ ഉൾപ്പെട്ട നാടാരും)* | *3* | *2* |
| 8 | Scheduled Caste converts to Christianity (പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ) | 2 | 1 |
| 9 | Viswakarmas (വിശ്വകർമ്മ) | 2 | 3 |
| 10 | Dheevaras (ധീവര) | 2 | 1 |
| 11 | ***Other Backward Classes put together (OBC)*** *(മറ്റ് പിന്നോക്ക വിഭാഗങ്ങൾ)* | *6* | *3* |
| | ആകെ | 100 | 100 |

*ക്രമനമ്പർ 6, 7, 11-ലെ വിഭാഗങ്ങൾക്കുള്ള സംവരണ വ്യവസ്ഥകളിൽ താൽക്കാലികമായി പി.എസ്.സി. വരുത്തിയ ഭേദഗതികൾ അനുബന്ധം II-ൽ കാണുക

സെക്ഷൻ ഓഫീസർ

## അനുബന്ധം II

കേരള സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് ചട്ടങ്ങളിലെ 14 മുതൽ 17 വരെയുള്ള ചട്ടങ്ങളിലേയും ടി ചട്ടങ്ങളിൽ പിന്നോക്കസമുദായങ്ങൾക്ക് നിഷ്ക്കർഷിച്ചിട്ടുള്ള സംവരണ അനുപാതത്തിൽ സുപ്രീം കോടതി വിധിപ്രകാരം താൽക്കാലികമായി വരുത്തിയിട്ടുള്ള ഭേദഗതികളുടേയും അടിസ്ഥാനത്തിൽ പി.എസ്.സി. ഇപ്പോൾ നടപ്പിലാക്കി വരുന്ന സംവരണ അനുപാതം സംബന്ധിച്ച വിവരങ്ങൾ.

| ക്രമ നമ്പർ | വിഭാഗം | ലാസ്റ്റ് ഗ്രേഡ് സർവീസ് | ലാസ്റ്റ് ഗ്രേഡ് ഒഴികെയുള്ള മറ്റ് തസ്തികകൾ |
|---|---|---|---|
| 1 | ഓപ്പൺ കോമ്പറ്റീഷൻ (ഒ.സി) | 50 | 50 |
| 2 | ഈഴവ/തീയ്യ/ബില്ലാവ | 11 | 14 |
| 3 | പട്ടികജാതി | 8 | 8 |
| 4 | പട്ടികവർഗ്ഗം | 2 | 2 |
| 5 | മുസ്ളീം | 10 | 12 |
| 6 | **മറ്റ് പിന്നോക്കവിഭാഗം (ഒ.ബി.സി.)* | *8* | *4* |
| 7 | **ലാറ്റിൻ കാത്തലിക്* | *4* | *4* |
| 8 | **എസ്.ഐ.യു.സി നാടാർ/ ആംഗ്ളോ ഇന്ത്യൻ* | *1* | *1* |
| 9 | വിശ്വകർമ്മ | 2 | 3 |
| 10 | (പട്ടികജാതിയിൽ നിന്നും ക്രിസ്തുമതത്തിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടവർ) Scheduled caste converts to Christianity | 2 | 1 |
| 11 | ധീവര | 2 | 1 |
| ആകെ | | 100 | 100 |

* താൽക്കാലിക ഭേദഗതി ബാധകമാക്കിയ സമുദായങ്ങൾ (ക്രമ നമ്പർ 6,7,8)

സെക്ഷൻ ഓഫീസർ

# KERALA PUBLIC SERVICE COMMISSION

NO.AVII(2)3647/01/GW.

Thiruvananthapuram
Dated 12.04.2005

## U.O. NOTE

Sir,

*Sub: SIUC Vs. State of Kerala – Orders of the Hon'ble Supreme Court on 24.2.05- implementation reg:*

*Ref: 1. Interim Orders dt. 24.02.05 of the Hon'ble Supreme Court.*
*2. Resolution No. 20 dated 6.04.05, of the Commission.*

* * *

The Division Bench of the Hon'ble High Court by judgement dated 28.08.2000 in OP No. 7870/88, filed by Hindu Nadar Corporation, held that Hindu Nadars should continue to be treated as the separate class for the purpose of Article 16(4) of the Constitution and Nadars converted to SIUC should form another category. The Court further held that Hindu Nadars would remain as a separate class by themselves in item No: 49 and Nadars converted to SIUC would come within the item No. 64 of the KS&SSR, 1958.

The Hon'ble High Court of Kerala was also pleased to quash the G.O.(MS) No.341/79/GAD Dated 20.06.79, G.O.(P) No. 409/82/GAD dated 13.12.82 and G.O.(P) No.545/78/GAD dated 13.12.78 to the extent that Hindu Nadar will, have to be treated as a separate class for the purpose of future appointments.

The Government issued G.O.(MS) No.34/03/SC/ST D.D. dated 26.03.03 and G.O.(M.S) No.37/03/SC.ST D.D. Dated 3.4.03 amending the relevant provisions in the KS&SSR 1958 to restore the position as Item No. 49 to Hindu Nadar and Item No. 64 to Nadars converted to SIUC.

Aggrieved by the judgement the President SIUC & State of Kerala approached the Hon'ble Supreme Court and filed SLPs in the Supreme Court. When the Civil Appeal No. 3361/02 was called on for hearing, the Hon'ble Supreme Court of India on 24.02.05, ordered that SIUC Nadar and Hindu Nadar should not be clubbed together for the purpose of reservation in Public Services. SIUC Nadar should be eligible for 1% reservation along with Anglo Indian Community. Hindu Nadars should be eligible for 1% reservation along with OBC.

The Hon'ble Supreme Court has ordered that "In the interregnum, the SIUC Nadars, as before, would continue to have reservation of 1% with Anglo Indian and Hindu Nadars would continue to be part of residuary category, afore noted, and would be part of OBC entitled to 10% reservation along with other castes". It has been made clear that the matter will be referred to Kerala Backward Class Commission on all other issues including the extend of reservation to be provided for in their respective categories and all appointments made after the passing of the impugned judgement will be protected.

The Commission discussed the various aspects of the order vide Resolution No. 20, dated 6.4.05 and decided to implement the orders of the Hon'ble Supreme Court. However necessary Government orders are required on many aspects on the final implementation of the Court Order.

In the light of the orders of the Supreme Court following instructions are issued for working out rotation .

(1) The candidates belonging to Hindu Nadar community will be included in OBC category and 1% more reservation will be given to that category.

(2) Nadars converted to SIUC and Anglo Indian Community will be clubbed together with 1% reservation detaching Anglo Indian from Latin Catholic Community.

The turn of reservation to both communities will be as follows:

(a) <u>For posts included in the LGS</u>

1. The turn 38 N will be allotted to SIUC/AI
2. The turn 60 N and 80 N will be allotted to OBC

(b) <u>For Posts other than those Included in LGS</u>

1. The turn 38 N will be allotted to SIUC/AI
2. The turn 60 N will be allotted to OBC

It has been ordered that this allocation is purely provisional, subject to final orders of the Supreme Court.

The turn will be worked out as above, but the advice shall not be released in respect of AI, SIUC and Hindu Nadar. Such advices will be released only after the issuance of necessary Government order in this

41

3

regard. The procedure laid down will be subject to the final orders of the Hon'ble Supreme Court. This decision ~~of the Commission~~ shall take with effect from 06.04.2005. All Sections/ Offices are directed to follow the aforesaid procedure. Doubtful cases will be brought to the notice of the Commission.

FOR SECRETARY
KERALA PUBLIC SERVICE
COMMISSION

To

R1A, R1B, R1C and R1D Sn.

Copy to:

1. Private Secretary to Chairman, PA to Member & Secretary
2. C.A. To CE, Addl. Secretary, JS, CF, V&S.O.
3. All Regional Officers & District Officers
4. All Sections & Officers
5. Stock File.

True photo stat

Section Officer

# KERALA PUBLIC SERVICE COMMISSION

No: 19/2006

Thiruvananthapuram,
24-04-2006.

## CIRCULAR

Sub: - SIUC Vs State of Kerala- Judgment of the Honourable Supreme Court on 28-03-2006, in civil appeal No: 3361/02, 3362/02 and writ petition No: 322/01-Implementation –reg

Ref: - 1. Judgment of the Honourable Supreme Court dated 28-03-2006 in civil appeal No: 3361/02, 3362/02 and WP No; 322/01 .
2. U.O.Note No: AVII (2) 3647/01/GW dated 12-04-05.
3. U.O.Note No: AV (3) 17987/99/GW dated 26.04.05 and 23-02-06.

The Honourable Supreme Court of India, in interim order dated 24-02-05 in civil Appeal No: s3361/02 had ordered that SIUC Nadar and Hindu Nadar should not be clubbed together for the purpose of reservation in Public Services.SIUC Nadar would be eligible for 15 reservation along with Anglo Indian Community. Hindu Nadar would continue to be part of residuary category and would be of OBC entitled to 10% reservation along with other castes.

The Commission in compliance with the interim orders of The Honourable Supreme Court issued orders in U.O.Note 1st cited (dated 12.04.2005) governing the advice of candidates belonging to SIUC, Hindu Nadars and Anglo Indians. It was also clarified that the Ranked Lists and Short Lists are to be prepared strictly in accordance with the directions contained in U.O.Note dated 12-04-2005. the Orders regulating the advice of candidates belonging to Nadar Community as per orders dated 12-04-2005 were made applicable only with effect from 20-04-2005 as per U.O.Note dated 26-04-05.

In the mean time the Honourable Supreme Court of Kerala on 13-10-05 passed an interim Order in IA No:14444/05 in the WP ( C) No; 28027/05 directing the Commission that " in the matter of advice of candidates from the Ranked Lists Kerala Public Service Commission shall follow the order passed in Ext.P7 (U.O. Note dated 12-04-05 issued by the Commission)."

In compliance of the interim orders dated 13-10-05 in WP(C) 28027/05 of the Honourable High Court, it was ordered to release advice of candidates against turns reserved for SIUC/AI and Hindu Nadar candidates which was kept pending as per U.O.Note dated 12.04.05 and 26.04.05. Subsequently, the Hon'ble Supreme Court as per interim order dated 14.01.2006 in SLP (Civil) No. 639/06, stayed the operation of the impugned orders dated 13.10.05 of the High Court.

In compliance of the interim orders of the Honourable Supreme Court the Commission have ordered not to release the advice of candidates against the turn of SIUC/AI and Hindu Nadar candidates.

97/

The Honourable Supreme Court of India in final judgment dated 28.03.2006 has disposed of Civil Appeal Nos. 3361/02 and 3362/02 and Writ Petition No.322/01 with following observations.

> **" The PSC, therefore, may now implement its orders dated 12.04.05 albeit provisionally till a decision is taken by the State Government on the recommendations made by the Backward Class Commission. Appointments made in respect of both " Hindu Nadars" and " SIUC Nadars', pursuant to the orders of the Public Service Commission dated 12.04.05 may now be given effect to. It is however made clear that if any party is aggrieved by any action which the State may take pursuant to or in furtherance of the report of the Backward Class Commission or otherwise, he may seek his remedies before an appropriate forum."**

In compliance of the judgment of the Honourable Supreme Court, the Commission have ordered to Implement the directions contained in U.O.Note No. A VII (2) 3697/2001/GW dated 12.04.05 and U.O.Note No. A V (3) 17987/99/GW dated 26.04.05, provisionally till a decision is taken by the Government on the recommendations by Backward Class Commission. Accordingly the advice in respect of SIUC /AI and Hindu Nadar candidates will be governed on the basis of orders contained in U.O.Note No. A VII (2) 3647/01/GW dated 12.04.05 and U.O.Note No. A V (3) 17987/99/GW dated 26.04.05.

(BY ORDER)
Sd/
For Secretary
Kerala Public Service Commission

To

P.S. to Chairman, P.A. to Members & Secretary
Additional Secretaries, All Officers and Sections
All Regional Officers, district Officers and Stock file

Rkm/gr3b

True photostat

[signature]

Section Officer

പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 309 — 18-03-2008-ൽ മറുപടിയ്ക്ക്

ദേവികുളം അഡ്വഞ്ചർ അക്കാഡമി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ:<br>ശ്രീ.കെ.കെ.ജയചന്ദ്രൻ:<br>ശ്രീ.എസ്.രാജേന്ദ്രൻ:<br>ശ്രീ.രാജു എബ്രഹാം: | ശ്രീ.എം.വിജയകുമാർ<br>(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി) |
| (എ)<br>യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡ് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ; | (എ)<br>ഉണ്ട്.<br>യുവാക്കളിലെ സാഹസിക കഴിവുകൾ പ്രോത്സാഹിപ്പിക്കുന്നതിനായി യുവജനക്ഷേമ ബോർഡിന്റെ കീഴിൽ 2 സാഹസിക അക്കാഡമികൾ ഇടുക്കി ജില്ലയിലെ ദേവികുളത്തും കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാടി ബീച്ചിലും പ്രവർത്തിച്ചു വരുന്നു. ദേവികുളത്തെ അഡ്വഞ്ചർ അക്കാഡമിയിൽ പാരാസെയിലിംഗ്, പാരാഗ്ലൈഡിംഗ്, ട്രക്കിംഗ് തുടങ്ങിയ സാഹസിക പരിപാടികൾ സംഘടിപ്പിച്ചു വരുന്നു. കണ്ണൂർ ജില്ലയിലെ മുഴുപ്പിലങ്ങാടിയിൽ എല്ലാ വർഷവും സാഹസിക കാർണിവൽ സംഘടിപ്പിക്കാറുണ്ട്. |
| (ബി)<br>ദേവികുളത്ത് ആരംഭിച്ചിട്ടുള്ള അഡ്വഞ്ചർ അക്കാഡമിയിൽ എത്ര പേർക്ക് പ്രവേശനം നൽകിയിട്ടുണ്ട്; ഇവിടെ പ്രവേശനം നേടുന്നതിന് വേണ്ട യോഗ്യതകൾ എന്തെല്ലാമാണ്; | (ബി)<br>ഏകദേശം 2500 പേർക്ക് ഇതുവരെ പ്രവേശനം നൽകിയിട്ടുണ്ട്. 15-നും 25-നും മദ്ധ്യേ പ്രായമുള്ള സാഹസിക പ്രവർത്തനങ്ങളിൽ അഭിരുചിയുള്ള യുവതീ യുവാക്കൾക്കാണ് ഇവിടെ പ്രവേശനം നൽകുന്നത്. |
| (സി)<br>ഇത്തരം അക്കാഡമികൾ കൂടുതലായി ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ;<br>(ഡി)<br>ഇവിടെ പരിശീലനം നേടുന്നവർക്ക് അഡ്വഞ്ചർ ടൂറിസം രംഗത്ത് തൊഴിൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) യും (ഡി) യും<br>പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

# കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 310 | 18.03.2008 -ൽ മറുപടിക്ക്

### " പരിസ്ഥിതി സംരക്ഷണത്തിന് നടപടി "

| ചോദ്യം: | ഉത്തരം: |
|---|---|
| ശ്രീ. കെ.വി. കുഞ്ഞിരാമൻ<br>ശ്രീ. പി. ജയരാജൻ<br>ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. വി. ചെന്താമരാക്ഷൻ | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) പരിസ്ഥിതി സംരക്ഷണത്തിന് മുന്തിയ പരിഗണന നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ് ; | (എ) കേരളത്തിന്റെ ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള നടപടികൾ കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് മുഖേനയും മലിനീകരണ നിയന്ത്രണത്തിനുള്ള നടപടികൾ കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് മുഖേനയും സ്വീകരിച്ചു വരുന്നു. 30 മൈക്രോണിൽ കുറഞ്ഞ കനമുള്ള പ്ലാസ്റ്റിക് വസ്തുക്കൾ നിരോധിച്ചുകൊണ്ട് മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന വിജ്ഞാപനം പുറപ്പെടുവിക്കുകയും ഇതു നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. വേമ്പനാട് കായൽ സംരക്ഷണത്തിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി |

| | | | |
|---|---|---|---|
| | | | സമർപ്പിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് സമഗ്രമായ ഒരു പരിസ്ഥിതി നയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ വിവിധ പരിസ്ഥിതി പ്രശ്നങ്ങൾ സംബന്ധിച്ച് വ്യക്തികളിൽ നിന്നും സംഘടനകളിൽ നിന്നും ലഭിക്കുന്ന പരാതികളിന്മേൽ ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചിച്ച് യുക്തമായ പരിഹാര നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | സർക്കാരിന്റെ പരിസ്ഥിതി നയത്തിന് അന്തിമ രൂപം നൽകിയിട്ടുണ്ടോ ; | (ബി) | പരിസ്ഥിതി നയത്തിന്റെ അന്തിമ കരട് രൂപം തയ്യാറാക്കിയിട്ടുണ്ട്. നയം ഉടനെ പുറത്തിറക്കുന്നതാണ്. |
| (സി) | പരിസ്ഥിതി നയത്തിന്റെ പ്രത്യേകതകൾ എന്തെല്ലാമാണ് ; | (സി) | കേരളത്തിലെ ജനങ്ങൾക്ക് ശുദ്ധ വായു, ശുദ്ധ ജലം, ശുദ്ധ ആഹാരം എന്നിവ ഉറപ്പു വരുത്തുകയും അതോടൊപ്പം സുസ്ഥിരവും ആരോഗ്യകരവുമായ ജീവിത സാഹചര്യം ഒരുക്കുകയുമാണ് പരിസ്ഥിതി നയത്തിന്റെ പ്രധാന ലക്ഷ്യം. |
| (ഡി) | പരിസ്ഥിതി വകുപ്പ് നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ; | (ഡി) | പരിസ്ഥിതിയുമായി ബന്ധപ്പെട്ട വിഷയങ്ങൾ ; കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ് , കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് എന്നീ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ; പരിസ്ഥിതി സംരക്ഷണത്തിനുള്ള നിയമങ്ങളുടെ പരിപാലനം; കാലാവസ്ഥാ മാറ്റം; പരിസ്ഥിതി അവാർഡുകൾ; പാരിസ്ഥിതിക ഗവേഷണം; പരിസ്ഥിതി ബോധവൽക്കരണം; ഇക്കോ ക്ലബുകളുടെ പ്രവർത്തനം |

തുടങ്ങിയ വിഷയങ്ങളാണ് പരിസ്ഥിതി വകുപ്പിൽ കൈകാര്യം ചെയ്തു വരുന്നത്. കൂടാതെ വിവിധ വകുപ്പുകളുമായി ബന്ധപ്പെട്ട പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികളും വകുപ്പ് സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (ഇ) | വിവിധ വകുപ്പുകൾ വഴി നടപ്പാക്കുന്ന പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ഇ) | സ്വീകരിക്കുന്നതാണ്; 28.07.07 -ൽ രൂപീകരിച്ച പരിസ്ഥിതി മാനേജ്മെന്റ് ഏജൻസി, പരിസ്ഥിതി പ്രവർത്തനങ്ങൾ ഏകോപ്പിക്കുന്നതിന് സഹായിക്കും. |
| (എഫ്) | പരിസ്ഥിതി വിദ്യാഭ്യാസത്തി നായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ? | (എഫ്) | സമൂഹത്തിലെ വിവിധ മേഖലകളിലുള്ളവർക്ക് ജൈവവൈവിധ്യ സംരക്ഷണം സംബന്ധിച്ച ബോധവൽക്കരണം ജൈവവൈവിധ്യ ബോർഡ് മുഖേന നൽകി വരുന്നു. നാഷണൽ സർവ്വീസ് സ്കീമുമായി ചേർന്ന് സംസ്ഥാന മൊട്ടാകെ പരിസ്ഥിതി സംരക്ഷണ ബോധവൽക്കരണ പരിപാടികൾ, മലിനീകരണ നിയന്ത്രണ ബോർഡ് മുഖേന നടത്തുവാനുള്ള പദ്ധതി ആസൂത്രണം ചെയ്തു വരുന്നു. |

Ohmarme

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാംകേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 311.                18/3/2008 ൽ മറുപടിയ്ക്ക്

## സ്വതന്ത്ര സോഫ്റ്റ്‌വെയർ

| ചോദ്യം | മറുപടി |
| --- | --- |
| പ്രൊഫ: സി.രവീന്ദ്രനാഥ്<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.എം.ഹംസ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ)സ്വതന്ത്രസോഫ്റ്റ്‌വെയർ പ്രോത്സാഹിപ്പിക്കുന്നതിനും പ്രചരിപ്പിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; | (എ)2007-ലെ ഐ.റ്റി. പോളിസിയിൽ ഫ്രീ ആൻറ് ഓപ്പൺ സോഫ്റ്റ് വെയറിനെ സംബന്ധിച്ച് പ്രത്യേകമായി പ്രതിപാദിച്ചിട്ടുണ്ട്. സർക്കാർ ഫണ്ട് ഉപയോഗിച്ചുള്ള ഇ-ഗവേണൻസ് പ്രോജക്റ്റുകളുടെ നടത്തിപ്പിൽ പരമാവധി ഫ്രീ & ഓപ്പൺ സോഫ്റ്റ് വെയർ ഉപയോഗിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. സ്വതന്ത്രസോഫ്റ്റ്‌വെയറിൻെറ വികസനത്തിനും പ്രചരിപ്പിക്കുന്നതിനുമായി അന്തർദ്ദേശീയ നിലവാരമുള്ള ഒരു ഗവേഷണ വികസനകേന്ദ്രം (ഇൻറർ നാഷണൽ സെൻറർ ഫോർ ഫ്രീ ആൻറ് ഓപ്പൺ സോഴ്സ് സോഫ്റ്റ്‌വെയർ) ആരംഭിക്കുന്നതിനുള്ള നടപടി തുടങ്ങിയിട്ടുണ്ട്. ഇതിനു പുറമേ പല വകുപ്പുകളും നടപ്പിലാക്കുന്ന കമ്പ്യൂട്ടറൈസേഷൻ നടപടികൾ ഫ്രീ ആൻറ് ഫെയർ സോഫ്റ്റ് വെയർ ഉപയോഗിച്ചാണ് ചെയ്തുവരുന്നത്. ഐ.റ്റി. @ സ്കൂൾ-ൻെറ ഭാഗമായി സ്കൂളുകളിലെല്ലാം സ്വതന്ത്ര സോഫ്റ്റ് വെയർ ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ വകുപ്പുകളുടെ വെബ്സൈറ്റുകൾ സ്വതന്ത്ര സോഫ്റ്റ് വെയർ അടിസ്ഥാനമാക്കിയ കണ്ടൻറ് മാനേജ്മെൻറ് ഫ്രെയിം വർക്കിലേക്ക് മാറ്റുകയും, മാനസികമായും ശാരീരികമായും വൈകല്യം സംഭവിച്ചവർക്കുവേണ്ടി ഇൻസൈറ്റ് പ്രോജക്ട് നടപ്പിലാക്കുകതുടങ്ങിയവ ചെയ്തു വരുന്നു. |
| (ബി) ഇതിൻെറ ചുമതല ഏതു സ്ഥാപനത്തിനാണ്; | (ബി) ഫ്രീ ആൻറ് ഓപ്പൺ സോഫ്റ്റ് വെയർ സെൻറർ സ്ഥാപിക്കുന്നതിനുള്ള ചുമതല കേരള സ്റ്റേറ്റ് ഐ.ടി മിഷനാണ്. ഇതനുസരിച്ചുള്ള കമ്പ്യൂട്ടർ വൽക്കരണം അതാത് വകുപ്പുകളാണ് നടപ്പാക്കുന്നത്. |

(സി) ഏതെല്ലാം വകുപ്പുകളിൽ ഇതിനകം സ്വതന്ത്രസോഫ്റ്റ്‌വെയർപൂർണ്ണമായി നടപ്പാക്കി;

(സി) പല വകുപ്പുകളും ഇപ്പോൾ ഫ്രീ ആൻഡ് ഓപ്പൺ സോഫ്റ്റ് വെയർ ആണ് നടപ്പിലാക്കുന്നത്. ഉദാഹരണമായി കെ.എസ്.ഇ.ബി., കേരള വാട്ടർ അതോറിറ്റി, പി.ഡബ്ല്യു.ഡി. തുടങ്ങിയ വകുപ്പുകളിൽ ഇത് ഭാഗികമായി നടപ്പിലാക്കിയിട്ടുണ്ട്.

(ഡി) എസ്.എസ്.എൽ.സി.പരീക്ഷയ്ക്ക് സ്വതന്ത്ര സോഫ്റ്റ്‌വെയറാണോ ഉപയോഗിക്കുന്നത്;

(ഡി) അതെ

(ഇ) സർക്കാർ സ്ഥാപനങ്ങളിൽ പൂർണ്ണമായും സ്വതന്ത്രസോഫ്റ്റ്‌വെയർ നടപ്പാക്കാൻ പദ്ധതി ആവിഷ്ക്കരിക്കുമോ?

(ഡി) സർക്കാർ സ്ഥാപനങ്ങളിൽ ഘട്ടം ഘട്ടമായി സ്വതന്ത്രസോഫ്റ്റ്‌വെയർ ആണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്.

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**എട്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 312** **15-03-2008-ൽ മറുപടിയ്ക്ക്**

**കായിക താരങ്ങളുടെ ക്ഷേമം**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.എം.ചന്ദ്രൻ:**<br>**ശ്രീ.ജോർജ്.എം.തോമസ്:**<br>**ശ്രീ.സി.കെ.പി.പത്മനാഭൻ:**<br>**ശ്രീ.കെ.ടി.ജലീൽ:** | **ശ്രീ.എം.വിജയകുമാർ**<br>**(നിയമവും പാർലമെന്ററി കാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പു മന്ത്രി)** |
| (എ)<br>കായിക താരങ്ങളുടെ ക്ഷേമത്തിനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; | (എ)<br>കായിക താരങ്ങളുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു.<br>1) പ്രൊഫഷണൽ കോഴ്സുകൾ ഉൾപ്പെടെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കായിക താരങ്ങൾക്ക് കായിക മികവിന്റെ അടിസ്ഥാനത്തിൽ സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്.<br>2) കായിക താരങ്ങൾക്ക് തൊഴിൽ ഉറപ്പു വരുത്തുന്നതിനായി സർക്കാരിന്റെ വിവിധ വകുപ്പുകളിൽ സ്പോർട്സ് ക്വാട്ടാ നിയമനങ്ങൾ നടത്തി വരുന്നു. സ്പോർട്സ് ക്വാട്ടാ നിയമനങ്ങളുടെ എണ്ണം പ്രതിവർഷം 20-ൽ നിന്നും 50-ആക്കി ഉയർത്തിയിട്ടുണ്ട്. കൂടാതെ പോലീസ് വകുപ്പിൽ നിർത്തലാക്കിയ സ്പോർട്സ് ക്വാട്ടാ നിയമനം പുനരാരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.<br>3) ദേശീയ അന്തർദേശീയ മത്സരങ്ങളിൽ വിജയികളാകുന്ന കായിക താരങ്ങൾക്ക് പ്രോത്സാഹനമായി ക്യാഷ് അവാർഡുകളും മറ്റു പാരിതോഷികങ്ങളും നൽകി വരുന്നു.<br>4) 33-ാമത് ദേശീയ ഗെയിംസിൽ പങ്കെടുത്ത് മെഡലുകൾ കരസ്ഥമാക്കിയ സർക്കാർ ജീവനക്കാരായ കായിക താരങ്ങൾക്ക് അഡ്വാൻസ് ഇൻക്രിമെന്റ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടാതെ കായിക താരങ്ങൾക്ക് വിദഗ്ദ്ധ പരിശീലകരിലൂടെ പരിശീലനം നൽകുന്നു. മേഖലാ-ദേശീയ മത്സരങ്ങളിൽ പങ്കെടുക്കുന്നവർക്ക് യാത്രാബത്ത/ദിനബത്ത തുടങ്ങിയവ നൽകുന്നു. |
| (ബി)<br>സ്പോർട്സ് സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; | (ബി)<br>സ്പോർട്സ് സ്കൂളുകളിലെ സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് നടപടികൾ സ്വീകരിച്ചു വരുന്നു. |
| (സി)<br>സ്പോർട്സ് മെഡിസിൻ സെന്ററുകൾ എവിടെയെല്ലാം ആരംഭിച്ചിട്ടുണ്ട്; ഇവിടെ ലഭ്യമായ ചികിത്സാ സൗകര്യങ്ങൾ എന്തെല്ലാമാണ്; | (സി)<br>സംസ്ഥാനത്തെ കായികതാരങ്ങൾക്ക് സ്പോർട്സ് മെഡിസിൻ സേവനങ്ങൾ ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരത്ത് കായിക യുവജനകാര്യാലയത്തിൻ കീഴിൽ രാജീവ് ഗാന്ധി സ്പോർട്സ് മെഡിസിൻ സെന്റർ പ്രവർത്തിച്ചു വരുന്നു. മത്സരങ്ങളിലും പരിശീലനത്തിനിടയ്ക്കും പരുക്കേൽക്കുന്ന കായിക താരങ്ങൾക്ക് അതിവേഗം പൂർണ്ണ കായിക ക്ഷമത വീണ്ടെടുക്കുന്നതിനായി ശാസ്ത്രീയവും, അത്യന്താധുനികവുമായ ചികിത്സാ ഉപകരണങ്ങളുടെ സഹായത്തോടെ സൗജന്യ വിദഗ്ദ്ധ ചികിത്സ ഇവിടെ ലഭ്യമാക്കി വരുന്നു. |
| (ഡി)<br>കായിക താരങ്ങളെ ഇൻഷ്വർ ചെയ്യുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | (ഡി)<br>കായികതാരങ്ങളെ ഇൻഷ്വർ ചെയ്യുന്നതിനുള്ള പദ്ധതി 2008-09 വർഷം മുതൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. |

**സെക്ഷൻ ഓഫീസർ**

GOVERNMENT OF KERA

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

<u>നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 313</u>

<u>18-03-2008 ൽ മറുപടിയ്ക്ക്.</u>

## <u>മലബാർ എക്സ്പ്രസ്സ് ട്രെയിനിലെ ബോഗികൾ</u>

ചോദ്യം:
ശ്രീ.കെ.സി.ജോസഫ് :

(എ). മലബാർ എക്സ്പ്രസ്സ് ട്രെയിനിന്റെ ബോഗികളുടെ എണ്ണത്തിൽ കുറവു വരുത്തിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര ബോഗികളാണ് കുറച്ചിട്ടുള്ളത് ;

(ബി). ഇതിനെതിരെ എന്തു നടപടി സ്വീകരിച്ചു ;

(സി). പ്രസ്തുത ട്രെയിനിന്റെ ബോഗികളുടെ എണ്ണം 21 ആക്കി പുനഃസ്ഥാപിക്കാൻ നടപടി സ്വീകരിയ്ക്കുമോ ?

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്സും
യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). യും (ബി) യും (സി) യും

ഉണ്ട്. മുന്നണ്ണം. തിരുവനന്തപുരം - മംഗലാപുരം മാവേലി എക്സ്പ്രസ്സ് ദിവസേനയാക്കിയപ്പോൾ റാക്ക് ഇന്റഗ്രേഷൻ നടന്നതാണ് ഇതിന് കാരണം. ഈ രണ്ടു ട്രെയിനുകളിലും 21 ബോഗികൾ വീതം ഘടിപ്പിക്കുന്ന കാര്യം ദക്ഷിണ റെയിൽവേ കാര്യാലയത്തിന്റെ പരിഗണനയിലാണെന്ന് റയിൽവേ അറിയിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 314

18/03/2008 - ൽ മറുപടിക്ക്

## നെല്ല് അരിയാക്കി വിൽക്കുന്നതിലെ അഴിമതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. പി. കൃഷ്ണപ്രസാദ് :<br>ശ്രീ. സി.എം. ദിനേശ് മണി :<br>ശ്രീ. പി.പി. അബ്ദുള്ളക്കുട്ടി :<br>ശ്രീമതി. പി. അയിഷാ പോറ്റി :<br>ശ്രീ. ബി.ഡി. ദേവസ്സി : | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| എ | സിവിൽ സപ്ലൈസ് കോർപ്പറേഷൻ സംഭരിക്കുന്ന നെല്ല് അരിയാക്കി റേഷൻ കടകളിലൂടെ വിൽക്കുന്ന സംവിധാനത്തിൽ അഴിമതി നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ . എങ്കിൽ ഇതു പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ . | (എ) | സപ്ലൈക്കോ നെല്ല് സംഭരിച്ച് മില്ലുകളെ ഏൽപിച്ച് അരിയാക്കി തിരിച്ചു നൽകുന്നതിൽ ചില മില്ലുകൾ കരാർ ലംഘിച്ചിട്ടുണ്ട്. അത്തരം മില്ലുകളുടെ പേരിൽ സിവിലായും ക്രിമിനലായും കേസ്സുകൾ എടുത്തിട്ടുണ്ട് എന്നാൽ റേഷൻ കടകൾ വഴി കുത്തരി വിതരണം ചെയ്തതിൽ അഴിമതി നടന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| ബി | സ്വകാര്യ മില്ലുകളിൽ നൽകുന്ന നെല്ലു തന്നെയാണ് അരിയാക്കി തിരികെ നൽകുന്നതെന്ന് ഉറപ്പാക്കാൻ സംവിധാനം ഉണ്ടോ . | (ബി) | സംസ്ഥാന സർക്കാരിന്റെ നെല്ലു സംഭരണ സംസ്കരണ വിപണന പദ്ധതി പ്രകാരം, നെല്ല് സംഭരണ കേന്ദ്രങ്ങളിൽ കൃഷി വകുപ്പിൽ നിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ എത്തിയിട്ടുള്ള കൃഷി ഓഫീസർമാരുടെ മേൽനോട്ടത്തിലാണ് . കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിട്ടുള്ള ഗുണമേന്മയുള്ള നെല്ല് സംഭരിക്കുന്നത്. ഈ നെല്ല് മില്ലുകളിൽ എത്തി സംസ്കരിച്ച് അരിയാക്കിയതിന് ശേഷം കൃഷി ഓഫീസർമാരും സിവിൽ സപ്ലൈസ് വകുപ്പ് ഉദ്യോഗസ്ഥരും അടങ്ങുന്ന ഒരു "ജോയിന്റ് ടീമിന്റെ" കർശന ഗുണമേന്മാ പരിശോധന കഴിഞ്ഞ |

| | | |
|---|---|---|
| | | ശേഷമാണ് പൊതു വിതരണത്തിലേക്ക് നൽകുന്നത്. സംഭരണത്തിന്റെയും സംസ്കരണത്തിന്റെയും പ്രവർത്തനങ്ങളിൽ മേൽനോട്ടം വഹിക്കുന്നതിനും സമയാസമയങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തുന്നതിനും ഒരു ഉയർന്ന പോലീസ് ഉദ്യോഗസ്ഥന്റെ ചുമതലയിൽ ഒരു വിജിലൻസ് സംഘം പ്രവർത്തിക്കുന്നുണ്ട്. |
| (സി) | സംഭരണം നടത്തി റേഷൻ കടകളിൽ എത്തുന്ന അരിയിൽ തിരിമറി ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ? | (സി) സംഭരണം നടത്തി റേഷൻ കടകളിൽ എത്തുന്ന അരിയിൽ തിരിമറി ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ട്. തിരിമറി നടത്തുന്ന റേഷൻ വ്യാപാരികൾക്കെതിരെ ലൈസൻസ് റദ്ദാക്കൽ, റേഷൻകട സസ്പെന്റ് ചെയ്യൽ, ജാമ്യത്തുക കണ്ടുകെട്ടൽ തുടങ്ങിയ ശിക്ഷാ നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ ഇവർക്കെതിരെ കേരള റേഷനിംഗ് ഓർഡർ, അവശ്യ സാധന നിയന്ത്രണ നിയമം എന്നിവ പ്രകാരം കേസ്സുകളും എടുക്കുന്നു. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാംസമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നംപർ: 315 | 18-03-2008 ൽ മറുപടിയ്ക്ക്

## റെയിൽവേ വികസനം

ചോദ്യം:
ശ്രീ.ടി.പി.കുഞ്ഞുണ്ണി :
ശ്രീ.എം.ചന്ദ്രൻ :
ശ്രീ.കെ.ടി.ജലീൽ :
ശ്രീ.സി.കെ.സദാശിവൻ :
ശ്രീ.എം.കെ പുരുഷോത്തമൻ :

ഉത്തരം
ശ്രീ. എം.വിജയകുമാർ
(നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി)

(എ). സേലം ഡിവിഷൻ രൂപീകരണവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ റയിൽവേ വികസനത്തിനായി എന്തെല്ലാം പദ്ധതികളാണ് കേന്ദ്രം സംസ്ഥാനത്തിന് വാഗ്ദാനം ചെയ്തിരുന്നത് ;

(ബി). ഇതിൽ ഏതെല്ലാം പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(എ). യും (ബി) യും

രേഖാമൂലം ഉറപ്പൊന്നും ലഭിച്ചിട്ടില്ല. എങ്കിലും പാലക്കാട് ഒരു റെയിൽ കോച്ച് ഫാക്ടറി സ്ഥാപിക്കുമെന്നും, കേരളം സമർപ്പിച്ചിട്ടുള്ള റെയിൽ വികസന നിർദ്ദേശങ്ങൾ അനുഭാവപൂർവ്വം പരിഗണിക്കുമെന്നും ഇതു സംബന്ധിച്ചു നടന്ന ചർച്ചകളിൽ ഉറപ്പു ലഭിക്കുകയുണ്ടായി. തുടർന്ന് റെയിൽ വികസന പാക്കേജ് നടപ്പാക്കുന്നതിന് താഴെപറയുന്ന പ്രധാന നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാരിന് സമർപ്പിക്കുകയുണ്ടായി.

01. കേരളത്തിലെ റെയിൽവേ ഡിവിഷനുകൾ ഉൾപ്പെടുന്ന പശ്ചിമതീര റെയിൽവേ സോൺ.
02. പാലക്കാട് കോച്ച് ഫാക്ടറി ആരംഭിയ്ക്കുന്നത്.
03. പുതിയ പാതകൾ അനുവദിക്കുന്നത്.
04. പാത ഇരട്ടിപ്പിക്കൽ നടപടികൾ ത്വരിതപ്പെടുത്തി സമയബന്ധിതമായി പൂർത്തിയാക്കുക.
05. ഷൊർണ്ണൂർ - മംഗലാപുരം പാതയുടെ വൈദ്യുതീകരണം
06. എം.ഇ.എം.യു ഉപയോഗിച്ച് സബർബൻ ട്രെയിൻ സർവീസ് ആരംഭിക്കുക.
07. കൊല്ലം - ചെങ്കോട്ട, പൊള്ളാച്ചി - പാലക്കാട് പാതയുടെ ഗേജ് മാറ്റം ത്വരിതപ്പെടുത്തുക.
08. പുതിയ ട്രെയിനുകൾ അനുവദിക്കുക.
09. കൊച്ചി - ബാംഗ്ളൂർ-ഹൈദരാബാദ് നഗരങ്ങളെ ബന്ധപ്പെടുത്തി ഗോൾഡൻ ഐറ്റി കോറിഡോർ.
10. റെയിൽവേ പാസഞ്ചർ അതിവേഗ കോറിഡോർ സ്ഥാപിക്കുക.
11. റെയിൽ ഓവർ ബ്രിഡ്ജുകളുടെ സമയബന്ധിതമായ പൂർത്തീകരണം.
12. അതിവേഗ ചരക്ക് ഗതാഗത കോറിഡോർ.
13. തുറമുഖങ്ങളുടെ റെയിൽ കണക്ടിവിറ്റി.
14. നേമത്ത് വാഗൺ റിപ്പയർ/പീരിയോഡിക്കൽ ഓവർ ഹാളിംഗ് യൂണിറ്റ് സ്ഥാപിക്കുന്നത്.
15. റെയിൽവേയുടെ കൈവശമുള്ള ഉപയോഗശൂന്യമായ

ഭൂമി ഫലപ്രദമായി ഉപയോഗിക്കുന്നത്.

16. സംസ്ഥാനത്ത് റെയിൽവേ സ്റ്റേഷനുകളുടെ വികസനം തുടങ്ങിയവ.

(സി). ഇവയിൽ ഏതെല്ലാം പദ്ധതികളാണ് പുതിയ റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

(സി). വിശദവിവരം റെയിൽവേ ബോർഡിൽ നിന്ന് മാത്രമേ ലഭിക്കുകയുള്ളൂ എങ്കിലും 2008-2009 റെയിൽ ബഡ്ജറ്റിൽ കേരളത്തിന് പ്രഖ്യാപിച്ചിട്ടുള്ള പ്രധാന പദ്ധതികൾ താഴെപ്പറയുന്നു.

01. പാലക്കാട് റെയിൽവേ കോച്ച് ഫാക്ടറി
02. ചേർത്തലയിലെ വാഗൺ അനുബന്ധ നിർമ്മാണ യൂണിറ്റ്.
03. നാല് പുതിയ ട്രെയിനുകൾ (1). കൊച്ചുവേളി - ബാംഗ്ളൂർ ഗരീബ്രഥ് (ആഴ്ചയിൽ രണ്ട് ദിവസം), (2). കൊച്ചുവേളി-ഡറാഡൂൺ (പ്രതിവാരം). (3). കൊച്ചുവേളി-അമൃത്സർ (പ്രതിവാരം). (4) ഷൊർണ്ണൂർ-നിലമ്പൂർ (പാസഞ്ചർ).
04. ബാംഗ്ളൂർ-കോയമ്പത്തൂർ എക്സ്പ്രസ്സ് എറണാകുളം വരെ നീട്ടി.
05. നിസാമുദ്ദീൻ, തിരുവനന്തപുരം രാജധാനി എക്സ്പ്രസ്സ് ആഴ്ചയിൽ 3 ദിവസമാക്കി.
06. അങ്ങാടിപ്പുറം-കോഴിക്കോട്, കാഞ്ഞങ്ങാട്-പാണത്തൂർ ലൈനുകൾക്കായി സർവ്വേ.
07. മംഗലാപുരം-ഷൊർണ്ണൂർ ലൈൻ വൈദ്യുതീകരണ ത്തിന് സർവ്വേ.
08. 44 മേല്പാലങ്ങൾക്ക് ബഡ്ജറ്റ് വിഹിതം.
09. കൊച്ചുവേളി രണ്ടാം ടെർമിനലിന് ബഡ്ജറ്റ് വിഹിതം.
10. കൊല്ലം-ചെങ്കോട്ട -വിരുദുനഗർ ഗേജ് മാറ്റത്തിന് ബഡ്ജറ്റ് വിഹിതം.
11. കൊല്ലത്ത് എം.ഇ.എം.യു സ്റ്റേബ്ളിംഗ് യൂണിറ്റിന് ബഡ്ജറ്റ് വിഹിതം.
12. അങ്കമാലി-അഴുത-ശബരി പാത, താനൂർ-ഗുരുവായൂർ പാത എന്നിവയുടെ നിർമ്മാണത്തിന് ബഡ്ജറ്റ് വിഹിതം
13. പാത ഇരട്ടിപ്പിക്കലിന് 120 കോടിയോളം രൂപ ബഡ്ജറ്റ് വിഹിതം.
14. റെയിൽവേ ജീവനക്കാർക്കായി തൃശൂരിൽ കമ്മ്യൂണിറ്റിഹാൾ.

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 316 — 18.03.2008-ൽ മറുപടിക്ക്

## ഗൾഫ് നാടുകളിൽ വിസയുടെ കാലാവധി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ടി. എൻ. പ്രതാപൻ:<br>ശ്രീ. ജോർജ് മേഴ്സിയർ:<br>ശ്രീ. കെ.സി. വേണുഗോപാൽ: | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(ബഹു. മുഖ്യമന്ത്രി) |
| (എ) ഗൾഫ് നാടുകളിൽ വിസയുടെ കാലാവധി പത്തു വർഷമാക്കി ചുരുക്കുവാൻ തീരുമാനിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല |
| (ബി) ഇത് നടപ്പിലാകുമ്പോൾ നിരവധി കേരളീയർ സംസ്ഥാനത്ത് തിരിച്ചെത്തുമെന്ന കാര്യം പരിഗണിച്ച് അവരുടെ പുനരധിവാസത്തിനും ക്ഷേമകാര്യങ്ങൾക്കും വേണ്ടി എന്തു നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കാമോ? | (ബി) ഈ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലാത്തതിനാൽ നടപടി സ്വീകരിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.317 — 18.3.2008 ൽ മറുപടിക്ക്

## ഹൈടെക് ഡയറി ഫാമുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.സി. രാജഗോപാലൻ:<br>ശ്രീ. എസ് . രാജേന്ദ്രൻ:<br>ശ്രീ. സൈമൺബ്രിട്ടോ റോഡ്രിഗ്സ്: | | ശ്രീ.സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി). | |
| (എ) | മൃഗസംരക്ഷണ വകുപ്പ് ഹൈടെക്ക് ഡയറി ഫാമുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത പദ്ധതിയുടെ വിശദാംശം വെളിപ്പെടുത്തുമോ; | (എ) | ഉണ്ട്.<br>സർക്കാർ സ്വകാര്യ പങ്കാളിത്തമുള്ള ഈ സംരംഭത്തിൻെറ ഭാഗമായി 1000 പശുക്കൾ വീതമുള്ള ആധുനികവൽക്കരിച്ച രണ്ട് ഡയറി യൂണിറ്റുകൾ എൻ.ആർ.ഐ. ക്കാരുടെ സഹായത്തോടെ ആരംഭിക്കുന്നതിനാണ് വിഭാവനം ചെയ്തിട്ടുള്ളത്. പൂർണ്ണമായും ആട്ടോമാറ്റിക് ആയ 5,00,000 ലിറ്റർ കപ്പാസിറ്റിയുള്ള ഒരു ക്ഷീര സംസ്ക്കരണ പ്ലാൻറും ഇതോടൊപ്പം ആരംഭിക്കുന്നതാണ്. |
| (ബി) | പദ്ധതിയുടെ പ്രായോഗികത സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | വ്യക്തമാക്കാം.<br>ജി.ഒ. (ആർ.റ്റി) നം. 1727/07/എഡി തീയതി 18.9.2007 ലെ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാനത്ത് ഹൈടെക് ഡയറി ഫാം സ്ഥാപിക്കുന്നതിനുള്ള ഒരു സംസ്ഥാനതല കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. മൃഗസംരക്ഷണ |

വകുപ്പ് ഡയറക്ടർ ചെയർമാനും, ഡയറി ഡവലപ്പ്മെൻറ് വകുപ്പ് ഡയറക്ടർ, മാനേജിംഗ് ഡയറക്ടർ - കെ.എൽ.ഡി.ബോർഡ്, ശ്രീ. രാജശേഖരൻ, ചീഫ് (അഗ്രികൾച്ചർ) - പ്ളാനിംഗ് ബോർഡ് എന്നിവർ മെമ്പർമാരായിട്ടാണ് കമ്മിററി രൂപീകരിച്ചിട്ടുള്ളത്. ഇതിൻെറ കൺവീനർ എം.ഡി., എം.ആർ.സി.പി.യു . ആയിരിക്കും. ഈ കമ്മിറ്റിയുടെ ദൗത്യം ഹൈടെക് ഡയറി ഫാം തുടങ്ങുന്നതിനുള്ള രൂപരേഖ തയ്യാറാക്കലാണ്. അതിൻപ്രകാരം ടി കമ്മിറ്റി ഇതിനാവശ്യമായ ഒരു പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ആയത് സർക്കാരിൻെറപരിഗണനയിലുമാണ്.

| | | | |
|---|---|---|---|
| (സി) | ഏതെല്ലാം ജില്ലകളിലാണ് ഈ പദ്ധതി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; | (സി) | ഇടുക്കി, വയനാട് ജില്ലകൾ കേന്ദ്രീകരിച്ച് ഓരോ ഹൈടെക് ഡയറിഫാമുകളും കൊച്ചി കേന്ദ്രീകരിച്ച് ഒരു ആധുനിക മെഗാഡയറി പ്ളാൻറും സ്ഥാപിക്കുവാനാണ് ഉദ്ദേശിക്കുന്നത്. |
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനായി പ്രവാസികളിൽ നിന്നും എന്തു തുക സമാഹരിക്കാൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ? | (ഡി) | പ്രസ്തുത പദ്ധതിയുടെ 26% ഓഹരി ഉടമ സർക്കാരാണ്. ബാക്കിയുള്ള 74% വിദേശമലയാളികളിൽ നിന്നും ഓഹരി രൂപത്തിൽ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ.

## പന്ത്രണ്ടാം കേരള നിയമസഭ

## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം: * 318 — 18.03.2008 -ൽ മറുപടിയ്ക്ക്

### " കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡ് "

| ചോദ്യം: | | | ഉത്തരം: |
|---|---|---|---|
| ശ്രീ. സി. കെ. സദാശിവൻ<br>ശ്രീ. ബി.ഡി. ദേവസ്സി<br>ശ്രീ. കെ.കെ. ദിവാകരൻ | | | ശ്രീ. വി. എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) | കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ പ്രവർത്തനം സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ; | (എ) | ജൈവവൈവിധ്യവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സംസ്ഥാന സർക്കാരിന് വേണ്ട ഉപദേശങ്ങൾ നൽകുക; ജൈവവൈവിധ്യ സംരക്ഷണത്തിനുള്ള തന്ത്രങ്ങളും കർമ്മ പരിപാടികളും തയ്യാറാക്കുക; ജൈവവൈവിധ്യ സംരക്ഷണം, അതിന്റെ സുസ്ഥിരമായ ഉപയോഗം, ജൈവവൈവിധ്യത്തിൽ നിന്നും ലഭ്യമാകുന്ന പ്രയോജനങ്ങൾ നീതിപൂർവമായി പങ്കുവയ്ക്കൽ എന്നീ പ്രധാന കർത്തവ്യങ്ങൾ നിറവേറ്റുക; ജനകീയ ജൈവ വൈവിധ്യ രജിസ്റ്റർ തയ്യാറാക്കുക തുടങ്ങിയവയാണ് ബോർഡിന്റെ പ്രധാന പ്രവർത്തനങ്ങൾ. |
| (ബി) | ത്രിതല പഞ്ചായത്തുകളിൽ ജൈവ വൈവിധ്യ മാനേജ് | (ബി) | നടപടി സ്വീകരിച്ചു വരുന്നു. അഞ്ച് പഞ്ചായത്തുകളിൽ ഇതിനോടകം |

| | | | |
|---|---|---|---|
| | മെന്റ് കമ്മിറ്റികൾ രൂപീകരിക്കുന്നതിന് ബോർഡ് നടപടി സ്വീകരിക്കുമോ ; | | കമ്മിറ്റികൾ രൂപീകരിച്ചു കഴിഞ്ഞു. |
| (സി) | ജൈവവൈവിധ്യം സംബന്ധിച്ച ഗവേഷണങ്ങൾക്ക് ബോർഡ് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ ? | (സി) | സഹായം നൽകുന്നുണ്ട് |
| (ഡി) | ജൈവവൈവിധ്യം സംബന്ധിച്ച വിവര ശേഖരണത്തിനുള്ള നടപടി എന്തെല്ലാം ജില്ലകളിൽ പൂർത്തിയായിട്ടുണ്ട് ; | (ഡി) | കേരളത്തിലെ അഞ്ച് പഞ്ചായത്തുകളിൽ ജൈവവൈവിധ്യ മാനേജ്മെന്റ് കമ്മിറ്റി രൂപീകരിച്ചു കഴിഞ്ഞു. രജിസ്റ്റർ തയ്യാറാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഉടനെ ആരംഭിക്കുന്നതാണ്. |
| (ഇ) | ഗവേഷണ പരിപാടികൾക്കായി കേന്ദ്രത്തിൽ നിന്നും സഹായം ലഭിക്കുന്നുണ്ടോയെന്നു വ്യക്തമാക്കാമോ ? | (ഇ) | ഉണ്ട്.<br>കേന്ദ്ര ജൈവവൈവിധ്യ ബോർഡിൽ നിന്നും ഇതുവരെ പത്തു ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.319 — 18-03-2008-ൽ മറുപടിയ്ക്ക്

## സ്വാതന്ത്ര്യ സമര പെൻഷൻ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.കെ.ശശീന്ദ്രൻ | ശ്രീ.വി.എസ്.അച്യുതാനന്ദൻ (മുഖ്യമന്ത്രി) |
| എ) സ്വാതന്ത്ര്യ സമര പെൻഷൻകാർക്ക് മുൻ യു.ഡി.എഫ് സർക്കാർ 100 രൂപ ഡി.എ വർദ്ധിപ്പിച്ചുകൊണ്ടു തീരുമാനം എടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഇല്ല. |
| ബി) മുൻ സർക്കാരിന്റെ തീരുമാനപ്രകാരം വർദ്ധന നടപ്പിലാക്കിയിട്ടുണ്ടോയെന്നു വ്യക്തമാക്കാമോ; | (ബി) മുൻ സർക്കാരിന്റെ തീരുമാന പ്രകാരമല്ല വർദ്ധനവ് നടപ്പിലാക്കിയത്. 07-08-2006 ലെ ജി.ഒ.(പി) നമ്പർ 219/06/പൊഭവ ഉത്തരവ് പ്രകാരം കേരള സ്വാതന്ത്ര്യ സമര സേനാനി പെൻഷൻകാർക്ക് നിലവിലുണ്ടായിരുന്ന 20% ഡി.എ 30% ആയി വർദ്ധിപ്പിച്ച് 01-01-2006 മുതൽ മുൻകാല പ്രാബല്യത്തോടെ നൽകി വരുന്നു. |
| സി) ഈ വർദ്ധനമൂലമുള്ള കുടിശ്ശിക മുഴുവൻ മുൻകാല പ്രാബല്യത്തോടെ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) ഈ വർദ്ധന മൂലമുള്ള കുടിശ്ശിക മുൻകാല പ്രാബല്യത്തോടെ നൽകിയിട്ടുണ്ട്. |

സെക്ഷൻ ആഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: 320 18/03/2008 -ൽ മറുപടിക്ക്

## ആടുകൾക്ക് കൃത്രിമ ബീജ സങ്കലന സംവിധാനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബാബു പോൾ<br>ശ്രീ. എൻ. അനിരുദ്ധൻ<br>ശ്രീ. മാങ്കോട് രാധാകൃഷ്ണൻ<br>ശ്രീ. എൻ. രാജൻ<br>ശ്രീ. രാജാജി മാത്യു തോമസ് | ശ്രീ. സി. ദിവാകരൻ, (ബഹു. ഭക്ഷ്യവും സിവിൽ സപ്ലൈസ്സും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ആടുകളുടെ വംശ വർദ്ധനവിന് കൃത്രിമ ബീജ സങ്കലന സംവിധാനം നിലവിലുണ്ടോ ; ഉണ്ടെങ്കിൽ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ ഇതിനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; | (എ) ഉണ്ട്.<br>പാലക്കാട് ജില്ലയിൽ മൃഗസംരക്ഷണ വകുപ്പിന്റെ തെരഞ്ഞെടുത്ത 60 കൃത്രിമ ബീജാധാന കേന്ദ്രങ്ങൾ വഴി ആടുകൾക്ക് കൃത്രിമ ബീജാധാനം നൽകുന്നതിനുള്ള സംവിധാനം 2004-05 മുതൽ നിലവിലുണ്ട്.<br>ജനിതക മേന്മയുള്ള മലബാറി ഇനത്തിൽപ്പെട്ട ആടുകളുടെ ഗാഢശീതീകൃത ബീജം കെ.എൽ.ഡി ബോർഡിൽ നിന്നും ടി കേന്ദ്രങ്ങളിൽ ലഭ്യമാക്കി വരുന്നു. കൊല്ലം,കോട്ടയം തൃശ്ശൂർ,പത്തനംതിട്ട,മലപ്പുറം, പാലക്കാട് എന്നീ ജില്ലകളിലെ തിരഞ്ഞെടുക്കപ്പെട്ട കേന്ദ്രങ്ങളിൽ 20/-രൂപ നിരക്കിൽ ആടുകളിൽ കൃത്രിമ ബീജധാനം നടത്തുന്നതിന് അനുമതി നൽകുകയും അതിൻ പ്രകാരം 2007-08 ൽ സംസ്ഥാനത്ത് |

മൊത്തം 289 കേന്ദ്രങ്ങളിൽ ഇതിനുള്ള സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് ഇപ്രകാരമാണ്.

| | |
|---|---|
| കൊല്ലം | 32 |
| കോട്ടയം | 100 |
| തൃശ്ശൂർ | 82 |
| പത്തനംതിട്ട | 9 |
| മലപ്പുറം | 6 |
| പാലക്കാട് | 60 |

(ബി) ഗോസംവർദ്ധക ഉപകേന്ദ്രങ്ങൾ വഴി കൃത്രിമ ബീജ സങ്കലനത്തിന് സൗകര്യമുണ്ടാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇതിനുള്ള എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

(ബി) ഉണ്ട്. സംസ്ഥാനത്ത് നിലവിൽ 2986 കേന്ദ്രങ്ങൾ വഴി കൃത്രിമ ബീജധാനത്തിന് സൗകര്യങ്ങൾ ഉണ്ട്. നിലവിൽ മൃഗസംരക്ഷണ വകുപ്പിൻ കീഴിലുള്ള കേന്ദ്രങ്ങളിൽ ബീജാധാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് വേണ്ട സഹായങ്ങൾ എൻ.പി.സി.ബി.ബി പദ്ധതിയിലൂടെ കേരള ലൈവ്സ്റ്റോക്ക് ഡവലപ്പ്മെന്റ് ബോർഡ് നല്കിവരുന്നു. കേടായ കണ്ടയിനറുകൾ മാറ്റി നൽകുക, ട്രെവിസ് റിപ്പയർ ചെയ്യുക, എ.ഐ.ഗൺ, ഫോർസെപ്സ് എന്നിവ കേടായത് മാറ്റി നൽകുക തുടങ്ങിയവയ്ക്കുള്ള സാമ്പത്തിക സഹായം എൻ.പി.സി.ബി.ബി യിലൂടെ നൽകി വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**ഏഴാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ: *321** — **18.03.2008-ൽ മറുപടിയ്ക്ക്**

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഗവേഷണ സ്ഥാപനങ്ങൾ

**ചോദ്യം**

ശ്രീ. സി.കെ.പി. പത്മനാഭൻ
ശ്രീ. ബി. രാഘവൻ
ശ്രീ. വി. ശശികുമാർ
ശ്രീ. വി.എൻ.വാസവൻ
ശ്രീ. എ.എം. യൂസഫ്

**ഉത്തരം**

ശ്രീ.വി.എസ്. അച്യുതാനന്ദൻ
(മുഖ്യമന്ത്രി)

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ ഏതെല്ലാം ഗവേഷണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു;

(എ) കേരള ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിലിന്റെ കീഴിൽ

1. ട്രോപ്പിക്കൽ ബൊട്ടാണിക് ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (ടി.ബി.ജി.ആർ.ഐ.), പാലോട്, തിരുവനന്തപുരം.
2. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി (ആർ.ജി.സി.ബി.), പൂജപ്പുര, തിരുവനന്തപുരം.
3. നാഷണൽ ട്രാൻസ്പോർട്ടേഷൻ പ്ലാനിംഗ് ആന്റ് റിസർച്ച് സെന്റർ (നാട്പാക്), പട്ടം, തിരുവനന്തപുരം.
4. സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ്(സെസ്സ്), ആക്കുളം, തിരുവനന്തപുരം.
5. സെന്റർ ഫോർ വാട്ടർ റിസോഴ്സസ് ഡെവലപ്മെന്റ് ആന്റ് മാനേജ്മെന്റ് (സി.ഡബ്ല്യൂ.ആർ.ഡി.എം.), കുന്നമംഗലം, കോഴിക്കോട്.
6. കേരള ഫോറസ്റ്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (കെ.എഫ്.ആർ.ഐ.), പീച്ചി, തൃശ്ശൂർ.

(ബി) ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; പുതുതായി 'സെസ്സ്' ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഭൗമശാസ്ത്ര പഠന കേന്ദ്രത്തിന്റെ പ്രവർത്തനം സുഗമമാക്കുന്നതിലേക്കായി പുതിയ റിസർച്ച് കൗൺസിൽ രൂപീകരിക്കുകയും രണ്ടു പ്രാവശ്യം യോഗം ചേരുകയുമുണ്ടായി. യോഗതീരുമാനപ്രകാരം പുതിയ പദ്ധതികൾ

| | | | |
|---|---|---|---|
| | | | ആരംഭിക്കുകയും, മറ്റു പദ്ധതികളുടെ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ മാനേജ്മെന്റ് കമ്മിറ്റിയും പുന:സംഘടിപ്പിക്കുകയുണ്ടായി. സെസ്സിന്റെ സുഗമമായ പ്രവർത്തനത്തിന് ആവശ്യമായ ഭരണപരവും, സാങ്കേതികവും, സാമ്പത്തികവുമായ പദ്ധതികൾക്ക് മാനേജ്മെന്റ് കമ്മിറ്റി രൂപം നൽകുകയുണ്ടായി. ഇപ്രകാരം ഏറ്റെടുത്ത പ്രധാന പദ്ധതികൾ അനുബന്ധം "എ" ആയി ചേർത്തിരിക്കുന്നു. |
| (സി) | ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ടു നടത്തുന്ന പദ്ധതികൾ ഏതെല്ലാമാണ്; | (സി) | അനുബന്ധം "ബി" ആയി ചേർത്തിരിക്കുന്നു. |
| (ഡി) | കേരള സ്ക്കൂൾ ഓഫ് മാത്തമറ്റിക്സിന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കേരള സ്ക്കൂൾ ഓഫ് മാത്തമാറ്റിക്സിന്റെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം - 29

ഭൗമശാസ്ത്ര പഠന കേന്ദ്രം ഏറ്റെടുത്ത
പുതിയ പദ്ധതികൾ

| Sl.No. | NEW PROJECTS |
|---|---|
| 1. | Procurement of a Ground Penetrating Radar as a common facility for CESS |
| 2. | Biogeochemistry of suspended loads from Kerala rivers (R & D, Infrastructure) Source – sink characteristics of nutrients and eco-system changes in rivers & estuaries |
| 3. | Exploring interrelationship between environmental degradation and poverty Selected microlevel case studies across Kerala. |
| 4. | Geomorphic setting, landscape alterations and fluvial regime change in the western ghats provenance of southern sahyadry – south of Achankovil Ar |
| 5. | Mapping of coastal cliffs and their vulnerability between Kanayakumari and Mangalore, south west coast of India. |
| 6. | Impacts of Urbanization on soil and water Resources of some selected cities Kerala. |
| 7. | Quaternary geology and geomorphic evolution of the coastal lands of Kollam district, SW India. |
| 8. | Tropical Freshwater Myristica swams of Kerala and its ecological and evolutionary significance |
| 9. | Hydrochemical characterization and drinking water potential of the coastal springs of Southern Kerala |
| 10. | Data bank on estuarine and river systems of Kerala |
| 11. | Application of Neural Network in Pattern classification of Remotely sensed images |
| 12. | Sunlight – induced Multi-spectral Fluorescence Imaging Systems for Vegetation assessment |
| 13. | Human-induced land modifications and its Impacts: A study in Thodupuzha taluk-Idukki district, Kerala. |
| 14. | Environmental degradation of Muvattupuzha river basin – causes, consequences and strategies for river restoration |
| 15. | Solar ultraviolet-B and atmospheric trace constituents in relation to climate change |
| 16. | Mini Atlas of Kerala |
| 17. | Characterization of laterities of Kerala and Preparation of Laterite Distribution Map |
| 18. | Quaternary evolution of the coastal plains of southern Kerala |
| 19. | Digital Resource Atlas of Kerala and Environmental Atlas |
| 20. | Agricultural Atlas of Kerala |
| 21 | Water, sediment quality monitoring and assessment of estuaries of Kerala; A case study from Kochi estuary and Periyar River |
| 22. | The social impacts of Energy Technologies: two case studies at different environs of Thiruvananthapuram district |
| 23. | Environmental impact assessment of major settlement distribution patterns and the infrastructural development with an emphasis on drinking water in Thiruvananthapuram |
| 24. | Assessment and Monitoring of Land Quality for sustainable agriculture: A GIS based approach coupled with technology implementation |

അനുബന്ധം - [illegible]

## ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ നേരിട്ട് നടത്തുന്ന പദ്ധതികൾ

- Science Research Scheme (SRS)
- Student Projects
- KSCSTE Research Fellowship
- Sasthraposhini
- Kerala Science Congress
- Engineering and Technology Programme (ETP)
- Grass Root Innovation Augmentation Networking (GIAN)
- Rural Technology Programmes (RTP)
- Patent Information Centre (PIC)
- Science Popularisation Programmes
- Scheme for Promotion of Young Talents in Science (SPYTiS)
- Support for Seminar Symposia Workshops (SSW)
- Science Literature Awards
- Sasthravani
- Community Science Centre (CSC)
- National Science Day & National Technology Day Celebrations
- Environment and Ecology Programmes
- Environmental Education
- Environmental Monitoring Programme – Air & Soil

## പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ. 322** **18-03-2008-ൽ മറുപടിയ്ക്ക്**

## രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ആർ.സെൽവരാജ്:<br>ശ്രീ.വി.ശിവൻകുട്ടി:<br>ശ്രീ.വി.ജെ.തങ്കപ്പൻ:<br>ശ്രീ.ആനത്തലവട്ടം ആനന്ദൻ:<br>ശ്രീമതി.ജെ.അരുന്ധതി: | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ)<br><br>രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;<br><br>(ബി)<br><br>ഇതിനായി വിമാനങ്ങൾ വാങ്ങിയിട്ടുണ്ടോ; ഫ്ളൈറ്റ് ഇൻസ്ട്രക്ടർമാരുടെയും മറ്റും തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോ; | (എ) യും (ബി) യും<br>കേരള സർക്കാരിന്റെ കീഴിലുള്ള ഏക വൈമാനിക പരിശീലന കേന്ദ്രമായ രാജീവ്ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജിയുടെ പ്രവർത്തനം പുനരാരംഭിക്കുന്നതിന്, ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷന്റെ നിബന്ധന പ്രകാരം ചീഫ് ഫ്ളൈറ്റ് ഇൻസ്ട്രക്ടറെയും, ഫ്ളൈറ്റ് ഇൻസ്ട്രക്ടർമാരെയും നിയമിക്കുകയും തിയറി പരിശീലനത്തിനായി ഗ്രൗണ്ട് സ്കൂൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ഒരു ചീഫ് ഗ്രൗണ്ട് ഇൻസ്ട്രക്ടറെയും രണ്ട് ഗ്രൗണ്ട് ഇൻസ്ട്രക്ടർമാരെയും നിയമിക്കുകയും ചെയ്തിട്ടുണ്ട്.<br>കൂടാതെ പറക്കൽ പരിശീലനത്തിനായി പുതിയതായി വാങ്ങിയ രണ്ട് സെസ്ന 172.ആർ വിമാനങ്ങൾ അക്കാദമിയിൽ എത്തിച്ചിട്ടുണ്ട്. ഇതിനു പുറമെ അക്കാദമിയ്ക്ക് പുതിയ കെട്ടിടവും, ഹാംഗറും നിർമ്മിക്കുന്നതിനായി 12,5 ലക്ഷം രൂപ കഴിഞ്ഞ വർഷം നൽകിയിട്ടുണ്ട്. 2008-09 സാമ്പത്തിക വർഷം ഇതിലേയ്ക്കായി ഒരു കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| (സി)<br><br>അക്കാദമിയിൽ എത്ര പേർക്കാണ് പ്രവേശനം നൽകുന്നത്; അക്കാദമിയുടെ പൂർണ്ണമായ പ്രവർത്തനം എന്ന് ആരംഭിക്കുമെന്ന് അറിയിക്കുമോ ? | (സി)<br>ആദ്യഘട്ടത്തിൽ 20 പേർക്ക് പ്രവേശനം നൽകാനാണ് ഉദ്ദേശിക്കുന്നത്. 2008 ഏപ്രിൽ മാസത്തിൽ അക്കാദമിയുടെ പറക്കൽ പരിശീലനം പുനരാരംഭിക്കാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. അതോടെ അക്കാദമിയുടെ പ്രവർത്തനം പൂർണ്ണമായ തോതിലാകുന്നതാണ്. |

Valsal

സെക്ഷൻ ഓഫീസർ

# പന്ത്രണ്ടാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 323 — 18.03.2008-ൽ മറുപടിയ്ക്ക്

## മേൽത്തട്ടു നിർണ്ണയിക്കുന്നതിനുള്ള വരുമാനപരിധി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.ബാബു<br>ശ്രീ.വി.ഡി.സതീശൻ<br>ശ്രീ.വർക്കല കഹാർ | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| എ) 2007 ഫെബ്രുവരി 23 നു ശേഷമുള്ള നിയമനങ്ങൾക്ക് മേൽത്തട്ട് പരിധി പുനർ നിർണ്ണയിക്കണമെന്ന് കോടതി നിർദ്ദേശിച്ചിട്ടുണ്ടോ; | എ) പ്രത്യേകമായി കോടതി നിർദ്ദേശിച്ചിട്ടില്ല. |
| ബി) ഇതിനായി ഗവൺമെന്റ് നിയോഗിച്ച രാജേന്ദ്രബാബു കമ്മീഷന്റെ റിപ്പോർട്ടനുസരിച്ച് മേൽത്തട്ടു നിർണ്ണയിക്കുന്നതിനുള്ള വരുമാന പരിധി എത്ര ലക്ഷം രൂപയായിരിക്കണമെന്നാണ് നിർദ്ദേശിച്ചത്; | ബി) ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ഫയൽ ചെയ്ത ഇടക്കാല റിപ്പോർട്ട് പ്രകാരം അന്തിമ റിപ്പോർട്ട് ഫയൽ ചെയ്യുന്നതു വരെ മേൽത്തട്ടു പരിധി 2.5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്. |
| സി) ഇതനുസരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; | സി) ഉണ്ട്. (G.O.(P) 46/2007/SCSTDD. dated 25.08.2007-ലും ടി ഉത്തരവ് പുതുക്കി G.O.(P) 4/2008/SCSTDD. dated 03.01.2008 -ലും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് ). |
| ഡി) പ്രസ്തുത ഉത്തരവ് അനുസരിച്ച് മേൽത്തട്ടു നിർണ്ണയിക്കുന്നതിനുള്ള വരുമാനത്തിൽ ഏതെല്ലാം വരുമാനങ്ങളാണ് കണക്കിലെടുക്കേണ്ടത്; | ഡി) സുപ്രീം കോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര സർക്കാർ നിയമിച്ച വിദഗ്ധ കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മറ്റു പിന്നോക്ക വിഭാഗക്കാരിലെ മേൽത്തട്ടുകാരെ ഒഴിവാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് കേന്ദ്ര ഗവൺമെന്റ് 08.09.1993-ൽ 36012/22/93 Estt (SCT) നമ്പർ ഓഫീസ് മെമ്മോറാണ്ടം പുറപ്പെടുവിച്ചിട്ടുണ്ട്.<br>ടി ഓഫീസ് മെമ്മോറാണ്ടം ആധാരമാക്കി കേരള ഗവൺമെന്റ് 13.01.1994-ൽ 880/ Adv C3/94/P&ARD |

സർക്കുലറും 17.12.1994-ൽ നം.5036-Adv C3/94/P&ARD ആയി ക്ലാരിഫിക്കേഷൻ സർക്കുലറും ഇറക്കിയിട്ടുണ്ട്.

ടി സർക്കുലറുകളും ജസ്റ്റിസ് നരേന്ദ്രൻ കമ്മീഷന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർക്കാർ പുറപ്പെടുവിച്ച G.O.(P) 36/2000/SCSTDD dated 27.05.2000 ഉം G.O.(P) 4/2008/SCSTDD dated 03.01.2008 -ഉം ആണ് ക്രീമിലെയർ സർട്ടിഫിക്കറ്റ് നൽകുന്നതിന് ആധാരമായി നിലനിൽക്കുന്ന അടിസ്ഥാനരേഖകൾ.

ഉദ്യോഗാർത്ഥിയുടെ മാതാപിതാക്കളുടെ ഔദ്യോഗിക പദവി, മറ്റു വരുമാനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ മറ്റു പിന്നോക്ക വിഭാഗക്കാരെ ആറ് കാറ്റഗറികളായി തിരിച്ച് ഓരോ കാറ്റഗറിയിൽപ്പെട്ടവർക്കും വെവ്വേറെ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ട്.

1, 2, 3 എന്നീ കാറ്റഗറിയിൽപെടുന്നവരെ അവരുടെ പദവിയുടെ അടിസ്ഥാനത്തിൽ തന്നെ മേൽത്തട്ടിൽപ്പെടുത്തിയിരിക്കുന്നു. എന്നാൽ 1, 2, 3 കാറ്റഗറിയിൽ സാഹചര്യം കൊണ്ട് ക്രീമിലെയറിൽപ്പെടാത്തവരേയും 4, 5-ബി കാറ്റഗറിയിൽപ്പെടുന്നവരേയും അവരുടെ മറ്റു വരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് മേൽത്തട്ട് നിർണ്ണയിക്കുന്നത്. ടി വരുമാന പരിധി നിശ്ചയിക്കുന്നതിന് ഇവർക്ക് 6-ാമത്തെ കാറ്റഗറിയിൽ പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

6-ാമത്തെ കാറ്റഗറിയിൽ മേൽത്തട്ട് നിർണ്ണയിക്കുന്നതിനുള്ള വരുമാന പരിധി ജസ്റ്റിസ് രാജേന്ദ്രബാബു കമ്മീഷൻ ഇടക്കാല ഉത്തരവിലൂടെ 2.5 ലക്ഷം രൂപയായി നിശ്ചയിച്ചിട്ടുണ്ട്.

| | | | |
|---|---|---|---|
| ഇ) | അതനുസരിച്ച് വരുമാനം കണക്കിലെടുക്കുമ്പോൾ 2007 ഫെബ്രുവരി 23 നു ശേഷം നിയമനം ലഭിച്ചവരിൽ എത്ര പേർ സർവ്വീസിൽ നിന്ന് | ഇ) | 25.08.2007-ലെ സർക്കാർ ഉത്തരവ് പ്രകാരമുള്ള നോൺ ക്രീമിലെയർ സർട്ടിഫിക്കറ്റ് 11.09.2007 മുതൽ സ്വീകരിക്കാമെന്ന് പബ്ലിക് സർവീസ് കമ്മീഷൻ തീരുമാനിച്ച |

| | |
|---|---|
| പുറത്താകുമെന്ന് വ്യക്തമാക്കുമോ? | ട്ടുണ്ട്. ആയതിനാൽ 23.02.2007-ന് ശേഷം നിയമനം നടത്തിയതിൽ നിന്നും ആരേയും പിരിച്ചുവിടേണ്ട സാഹചര്യം ഉണ്ടാകുന്നില്ല. |

സെക്ഷൻ ഓഫീസർ.

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 324, 18-3-2008-ൽ മറുപടി നല്ലേണ്ടത്

<u>'എല്ലാവർക്കും നീതി' പദ്ധതി</u>

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.എ.വാഹീദ്:<br>ശ്രീ. ബി.ബാബു പ്രസാദ്:<br>ശ്രീ. അടൂർ പ്രകാശ്: | : ശ്രീ.എം.വിജയകുമാർ,<br>(നിയമവും പാർലമെൻററികാര്യവും സ്പോർട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി) |
| (എ) 'എല്ലാവർക്കും നീതി ' എന്ന പദ്ധതി അനുസരിച്ച് ആർക്കെല്ലാം നിയമ സഹായത്തിന് അർഹതയുണ്ട് ; ഈ പദ്ധതി പ്രകാരം എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; | 'എല്ലാവർക്കും നീതി ' എന്ന പദ്ധതി 1987 ലെ കേന്ദ്ര നിയമമായ ലീഗൽ സർവ്വീസസ് അതോറിറ്റീസ് ആക്റ്റ് പ്രകാരം ആണ് നടപ്പാക്കിയിട്ടുള്ളത്. പ്രസ്തുത ആക്റ്റിന്റെ 12-ാം വകുപ്പ് അനുസരിച്ച് താഴെ പറയുന്ന ആളുകൾക്ക് സൗജന്യ നിയമ സേവനം ലഭിക്കാൻ അർഹത ഉണ്ട്.<br>1. പട്ടികജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്നവർ.<br>2. മനുഷ്യവാണിഭത്തിനും യാചക വൃത്തിക്കും ഇരയായവർ.<br>3.സ്ത്രീകൾ.<br>4. കുട്ടികൾ<br>5. 1995-ലെ കേന്ദ്ര നിയമമായ വികലാംഗ നിയമത്തിൽ നിർവ്വചിക്കപ്പെട്ടിട്ടുള്ള വികലാംഗർ<br>6. പ്രകൃതി ദുരന്തങ്ങൾ, സാമുദായിക കലാപം, ജാതി വർഗ്ഗീയ പീഡനങ്ങൾ, വ്യാവസായിക ദുരന്തങ്ങൾ എന്നിവയ്ക്ക് ഇരയായവർ.<br>7. വ്യാവസായിക തൊഴിലാളികൾ<br>8. ജുവനൈൽഹോം, മാനസികരോഗാശുപത്രികൾ ജയിലുകൾ എന്നിവിടങ്ങളിൽ തടങ്കലിൽ കഴിയുന്നവർ |

9. 25,000/- രൂപയിൽ താഴെ വാർഷിക വരുമാനം ഉള്ളവർ.

മേൽ പറഞ്ഞ വിഭാഗത്തിൽപ്പെടുന്നവർ സംസ്ഥാന നിയമസേവന അതോറിറ്റിയേയോ ഹൈക്കോർട്ട് ലീഗൽ സർവ്വീസസ് കമ്മറ്റിയേയോ, ജില്ലാ ലീഗൽ സർവ്വീസസ് അതോറിറ്റിയേയോ, താലൂക്ക് ലീഗൽ സർവ്വീസസ് കമ്മറ്റിയേയോ, സമീപിച്ചാൽ ആവശ്യമായ നിയമസേവനം ലഭിക്കുന്നതാണ്. എല്ലാ ജില്ലകളിലും താലൂക്കുകളിലും കോടതികളോടനുബന്ധമായി നിയമസേവന അതോറിറ്റിയുടെ ഓഫീസുകളുണ്ട്. അവിടെയുള്ള അഭിഭാഷകരുടെ പാനലിൽനിന്നും അഭിഭാഷകരെ സൗജന്യമായി നിയമിച്ചുകൊടുത്തു നിയമസഹായം നൽകുന്നു. കൂടാതെ സൗജന്യനിയമോപദേശവും മേൽപ്പറഞ്ഞ ആളുകൾക്ക് നൽകുന്നതാണ്. 24 മണിക്കൂറും പ്രവർത്തിക്കുന്ന മൊബൈൽ ടെലിഫോണിലൂടെയും (9846700100) (കോടതിയിൽ ആയിരിക്കുന്ന സമയത്തൊഴികെ) അത് കൈകാര്യം ചെയ്യുന്ന പാനലിൽ പ്പെട്ട അഭിഭാഷകൻ തന്റെ പേരു വെളിപ്പെടുത്താതെ അത്യാവശ്യ ഘട്ടങ്ങളിൽ എന്തു ചെയ്യണമെന്ന് നിയമോപദേശവും നൽകുന്നുണ്ട്. സംസ്ഥാനത്തെ 73 ബ്ളോക്കു പഞ്ചായത്തുകളിലും നിയമസഹായ ക്ലിനിക്കുകളും സ്ഥാപിച്ചിട്ടുണ്ട്. ഇവിടെ ഒരു അഭിഭാഷകനെ ആഴ്ചയിലൊരിക്കൽ നിയമോപദേശങ്ങൾ നൽകാനായി അയക്കുന്നുണ്ട്. പട്ടിക വർഗ്ഗക്കാർ കൂടുതലായി താമസമുള്ള അട്ടപ്പാടി, പറമ്പിക്കുളം എന്നിവിടങ്ങളിലും പാലക്കാട് ജില്ലയിലെ ആലത്തൂരും ലീഗൽ എയ്ഡ് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നുണ്ട്. വയനാട് ജില്ലയിൽ ട്രൈബൽ പ്രൊമോട്ടർമാർക്ക് നിയമ പരിശീലനം നൽകി ആദിവാസി സമൂഹത്തിന് നിയമബോധനം നൽകുന്നതിന് ഏർപ്പാട് ചെയ്തിട്ടുണ്ട്. നീതിന്യായ സ്ഥാപനങ്ങളിൽനിന്നും ദൂരെ സ്ഥിതിചെയ്യുന്ന ഗ്രാമങ്ങളിലും മലപ്രദേശങ്ങളിൽ വസിക്കുന്നവർക്കും നീതി ലഭ്യമാക്കുന്നതിന് പരിശീലനം നൽകിയ പാരാ - ലീഗൽ വോളണ്ടിയർമാരുടെ സേവനവും പ്രയോജനപ്പെടുത്തിവരുന്നു.

| | |
|---|---|
| (ബി) ഈ വർഷം ഇതുവരെ എത്രപേർക്ക് നിയമസഹായം നൽകി; | **ഈ വർഷം 4083 പേർക്ക് സൗജന്യ നിയമസഹായം നൽകി.** |
| (സി) ഇതുവരെ എത്ര തുക ഈ ഇനത്തിൽ നൽകിയിട്ടുണ്ട്? | **ഈ വർഷം നിയമസേവന പ്രവൃത്തികൾക്ക് 41,40,216/- രൂപ ചെലവഴിച്ചിട്ടുണ്ട്.** |

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ആഫീസർ.**

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 325

18/03/2008 - ൽ മറുപടിക്ക്

**റേഷൻ കടയുടമകൾക്ക് നൽകാനുള്ള കുടിശ്ശിഖ തുക**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ. പി. അനിൽകുമാർ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. കെ. ബാബു | **ശ്രീ. സി. ദിവാകരൻ**<br>(ഭക്ഷ്യവും, സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി) |
| എ) റേഷൻ കടകൾ വഴി ആറു രൂപ ഇരുപതു പൈസ നിരക്കിൽ വിൽക്കേണ്ടിയിരുന്ന അരി, 2/10/2006 മുതൽ ബി.പി.എൽ കാർഡുടമകൾക്ക് മൂന്ന് രൂപ നിരക്കിൽ നൽകിയ ഇനത്തിൽ റേഷൻ കടയുടമകൾക്ക് നൽകേണ്ടിയിരുന്ന കുടിശ്ശിഖ തുക എത്രയാണ് ; | (എ) ബി.പി.എൽ പദ്ധതി പ്രകാരം 11/02/2006-ൽ ബി.പി.എൽ. അരി, ഗോതമ്പ് എന്നിവ 3 രൂപ നിരക്കിൽ വിതരണം നടത്തിയ ഇനത്തിൽ റേഷൻ മൊത്ത ചില്ലറ വ്യാപാരികൾക്ക് 3,01,65,417 രൂപ നൽകാനുണ്ടായിരുന്നു. |
| ബി) ഈ തുക കൊടുത്തു തീർത്തോ ; എങ്കിൽ എന്നാണ് കൊടുത്തു തീർത്തത് ; | (ബി) യും (സി) യും |
| സി) പ്രസ്തുത തുക നാളിതുവരെ കൊടുത്തു തീർത്തിട്ടില്ലെങ്കിൽ അതിനുള്ള കാരണം എന്തെന്നു വിശദീകരിക്കുമോ , ഈ തുക എന്നത്തേക്ക് കൊടുത്തു തീർക്കാൻ കഴിയും എന്ന് അറിയിക്കുമോ ? | 31/10/2007 - ലെ സർക്കാർ ഉത്തരവ് (ആർ.റ്റി) നമ്പർ 495/2007 പ്രകാരം തുക അനുവദിച്ചത് വിതരണം ചെയ്തു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ 326 — 18.3.2008 ൽ മറുപടിയ്ക്ക്

## ഗ്യാസ് സിലിണ്ടറുകൾ കൃത്യമായി നൽകാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| പ്രൊഫ. എൻ.ജയരാജ് ;<br>ശ്രീ. തോമസ് ഉണ്ണിയാടൻ ; | ശ്രീ. സി. ദിവാകരൻ<br>(ഭക്ഷ്യവും സിവിൽ സപ്ളൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| എ) ഗ്യാസ് സിലിണ്ടറുകൾ ഉപഭോക്താക്കൾക്ക് കൃത്യമായി നൽകാൻ ഗ്യാസ് ഏജൻസികൾ കാണിക്കുന്ന വിമുഖത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ) ഉണ്ട്. |
| ബി) ഗ്യാസ് സിലിണ്ടറുകൾ കൃത്യമായി വീടുകളിൽ എത്തിക്കാത്ത ഗ്യാസ് ഏജൻസികൾക്കെതിരെ നടപടി സ്വീകരിക്കുമോ ; | ബി) പരാതി ലഭിക്കുന്നതനുസരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. |
| സി) ഇതിനായി എന്തെല്ലാം നടപടികളാണ് ആലോചിക്കുന്നത് ? | സി) പാചക വാതക ഉപഭോക്താക്കൾക്ക് കൃത്യമായി ഗ്യാസ് വിതരണം നടത്താത്ത ഗ്യാസ് ഏജൻസിക്കെതിരെ കർശനമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുരുതരമായ ക്രമക്കേടുകൾ നടത്തുന്ന ഗ്യാസ് ഏജൻസികളെ സസ്പെന്റു ചെയ്യുകയും തുടർ നടപടികൾ സ്വീകരിച്ച് കുറ്റം തെളിയിക്കപ്പെട്ടാൽ ലൈസൻസ് റദ്ദു ചെയ്യുന്നതടക്കമുള്ള ശിക്ഷാ നടപടികൾക്ക് ഓയിൽ കമ്പനിക്ക് ശുപാർശ ചെയ്യുന്നതാണ്. ഈ രംഗത്തെ ക്രമക്കേടുകൾ തടയുന്നതിനും സുതാര്യമാക്കുന്നതിനും ജില്ലാ തലത്തിൽ, ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഉപഭോക്തൃ സംഘടനാ പ്രതിനിധികളെയും ഗ്യാസ് ഏജൻസികളെയും ഓയിൽ കമ്പനി പ്രതിനിധികളെയും ഉൾപ്പെടുത്തി മൂന്നു മാസത്തിലൊരിക്കൽ നടത്തുന്ന ഓപ്പൺ ഫോറങ്ങളിൽ ഉപഭോക്താക്കളിൽ നിന്നുള്ള പരാതികൾ നേരിൽ സ്വീകരിക്കുകയും തദവസരത്തിൽ തന്നെ നടപടി സ്വീകരിക്കുകയും ചെയ്തുവരുന്നു. അതിനുപുറമെ ലഭിക്കുന്ന മറ്റു പരാതികൾ ജില്ലാ സപ്ളൈ ആഫീസർ മുഖേന അന്വേഷിച്ച് യുക്തമായ നടപടികൾ കൈക്കൊള്ളുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**പന്ത്രണ്ടാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ 327. 18/3/2008 ൽ മറുപടിക്ക്

**ഐ.ടി.രംഗത്ത് മാനവശേഷി വർദ്ധിപ്പിക്കുന്നതിന് പദ്ധതി**

| **ചോദ്യം** | **മറുപടി** |
|---|---|
| ശ്രീമതി.കെ.കെ.ശൈലജടീച്ചർ<br>ശ്രീ.പി.വിശ്വൻ<br>ശ്രീ.വി.ശശികുമാർ<br>ശ്രീ.പി.കൃഷ്ണപ്രസാദ്<br>ശ്രീ.സൈമൺബ്രിട്ടോറോഡ്രിഗ്സ് | ശ്രീ.വി.എസ്.അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) സംസ്ഥാനത്തെ ഐ.ടി രംഗത്ത് മാനവശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വിവിധ നൂതന വിഷയങ്ങളിൽ വൈദഗ്ധ്യമുള്ള ഉദ്യോഗാർത്ഥികളെ ലഭ്യമാക്കുന്നതിനായി ഐ.ടി വകുപ്പ് എന്തെങ്കിലും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; | (എ) ഐ.ടി. രംഗത്ത് ആവശ്യമായ മനുഷ്യ വിഭവശേഷി ലഭ്യമാക്കുന്നതിന് ഐ.ടി. മിഷൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കമ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുന്നതിനു വേണ്ടി അവസാന വർഷ പോളിടെക്നിക് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. സ്വതന്ത്ര സോഫ്റ്റ് വെയർ വികസിപ്പിക്കുന്നതിന് വേണ്ട പരിശീലനം നൽകുന്നുണ്ട്. ഐ.എച്ച്.ആർ.ഡി.യുമായി സഹകരിച്ച് ഫിനിഷിംഗ് സ്കൂൾ പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരത്ത് ഒരു മോഡൽ ഫിനിഷിംഗ് സ്കൂൾ ആരംഭിച്ചു. |
| (ബി) ഐ.ടി.വകുപ്പിന്റെ കീഴിൽ ഇതിനായി വിദ്യാഭ്യാസ കേന്ദ്രങ്ങളും പരിശീലന പദ്ധതികളും ആവിഷ്ക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (ബി) ഐ.ടി/ഐ.ടി.ഇ.എസ് രംഗത്ത് വർദ്ധിച്ചു വരുന്ന ജോലി സാധ്യതപരിഗണിച്ച് ഈ രംഗത്ത് കൂടുതൽ വിദഗ്ദ്ധരെ പരിശീലിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. |
| (സി) ഐ.ടി.മേഖലയെ ലക്ഷ്യമാക്കി കൂടുതൽ ഫിനിഷിംഗ് സ്ക്കൂളുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ : 328 18-03-2008-ൽ മറുപടിക്ക്

വീട്ടുമുറ്റത്ത് കോഴി വളർത്തൽ പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോർജ് എം.തോമസ്<br>" കെ.കെ. ജയചന്ദ്രൻ<br>" പി.പി. അബ്ദുള്ളക്കുട്ടി<br>" കെ. കുഞ്ഞമ്മത് മാസ്റ്റർ<br>" കെ.സി. രാജഗോപാലൻ | ശ്രീ. സി. ദിവാകരൻ<br>(ബഹു: ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പു മന്ത്രി) |
| (എ) 'വീട്ടുമുറ്റത്ത് കോഴിവളർത്തൽ' പദ്ധതി നടപ്പാക്കുന്നതിന് ഈ വർഷം സ്വീകരിച്ച നടപടികൾ എന്തെല്ലാം | (എ) വീട്ടുമുറ്റത്ത് കോഴിവളർത്തൽ പദ്ധതിക്ക് 2007 2008 കാലയളവിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ബഡ്ജറ്റിൽ 7 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഉപഭോക്താവിന് 5 കോഴികളെ വീതം പകുതിവിലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. ആകെ 5000 ഗുണഭോക്താക്കൾക്ക് ഇപ്രകാരം 25,000 കോഴികളെ നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ഓരോ കിലോ കോഴിത്തീറ്റയും ഓരോ ഗുണഭോക്താവിനും സൗജന്യമായി നൽകിയിട്ടുണ്ട്. കേന്ദ്രസർക്കാർ അസ്കാഡ് നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 76 ലക്ഷം കോഴികൾക്കും കോഴിവസന്തരോഗത്തിനെതിരെ പ്രതിരോധ കുത്തിവയ്പ്പ് നടത്തി. കോഴിവളർത്തൽ സംബന്ധിച്ചിട്ടുള്ള പരിശീലന പരിപാടികൾ ലൈവ്സ്റ്റോക്ക് മാനേജ്മെന്റ് ട്രെയിനിംഗ് സെന്ററുകളിൽ വച്ച് സൗജന്യമായി നടത്തിവരുന്നു. കൂടാതെ സംസ്ഥാന കോഴിവികസന കോർപ്പറേഷൻ മുഖേന സ്റ്റെപ്പ്-1, സ്റ്റെപ്പ്-2, സുവർണ്ണ ജയന്തി ഗ്രാമറോസ്ഗാർ യോജന, രാഷ്ട്രീയ സംവികാസ് യോജന, ഫ്ളാഗ് ഷിപ്പ് പ്രോഗ്രാം എന്നീ പദ്ധതികൾ മുഖേനയും സംസ്ഥാനത്ത് കോഴിവളർത്തൽ പ്രോൽസാഹിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| (ബി) ഈ പദ്ധതി പ്രകാരം എത്ര കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്തു. | (ബി) മേൽപ്പറഞ്ഞ പദ്ധതികൾ പ്രകാരം നാളിതുവരെ 6.79 ലക്ഷം കോഴികളെ വിതരണം ചെയ്തിട്ടുണ്ട്. |
| (സി) ഈ പദ്ധതി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിച്ചിട്ടുണ്ടോ? | (സി) ഉണ്ട്. വികേന്ദ്രീകൃത ഭരണസംവിധാനത്തിൽ ഗ്രാമപഞ്ചായത്തുകൾ നടപ്പിലാക്കുന്ന വാർഷിക പദ്ധതിയിൽ അടുക്കള മുറ്റത്തെ കോഴിവളർത്തൽ പ്രാധാന്യം നൽകി നടപ്പിലാക്കി വരുന്നു. ഇതിനുള്ള നിർദ്ദേശം ബന്ധപ്പെട്ട പഞ്ചായത്ത്തല ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഇതിലൂടെ മുട്ട ഉൽപാദനം വർദ്ധിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. |
| (ഡി) കോഴി, താറാവ്, കാട എന്നിവയെ വളർത്തുന്നത് തൊഴിലായി സ്വീകരിക്കാൻ ആവശ്യമായ പദ്ധതി ആവിഷ്ക്കരിക്കുമോ? | (ഡി) ഈ ആവശ്യത്തിലേയ്ക്ക് സാങ്കേതിക സഹായവും പരിശീലനവും വകുപ്പ് ഇപ്പോൾ തന്നെ നൽകിവരുന്നുണ്ട് കോഴിവളർത്തലും, താറാവ് വളർത്തലും ഉപതൊഴിലായി സ്വീകരിക്കുന്നതിനായി 5000 ഗുണഭോക്താക്കൾക്ക് 5 കോഴികളെ വീതം പകുതിവിലയ്ക്ക് നൽകാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 1500 കർഷകർക്ക് 10 താറാവുകളെ വീതം പകുതി വിലയ്ക്ക് നൽകാനും നടപടി സ്വീകരിച്ചിട്ടുണ്ട്. 10 ടർക്കികുഞ്ഞുങ്ങളെ വീതം 650 യൂണിറ്റുകൾ 50% സബ്സിഡിയോട് കൂടി ഈ വർഷം നടപ്പിലാക്കിയിട്ടുണ്ട്. |
| (ഇ) ഇത്തരക്കാർക്ക് ഗ്രാന്റ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | (ഇ) ഗ്രാന്റുകളൊന്നും അനുവദിക്കുന്ന പദ്ധതികൾ ഇപ്പോൾ നിലവിലില്ല. |

സെക്ഷൻ ഓഫീസർ

## പന്ത്രണ്ടാം കേരള നിയമസഭ
## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.329 — 18.03.2008 -ൽ മറുപടിക്ക്

### വിവരഭൂപടകൈമാറ്റം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ. കെ.വി.തോമസ്<br>ശ്രീ. വർക്കല കഹാർ | | ശ്രീ. വി.എസ്.അച്യുതാനന്ദൻ<br>കേരള മുഖ്യമന്ത്രി | |
| (എ) | കേരളത്തിലെ നഗരങ്ങളുടെ സൂക്ഷ്മ വിവര ഭൂപടങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട് തയ്യാറാക്കുന്ന വിവരഭൂപടം ഭൗമവിവരസംവിധാന ജാലകം വഴി അന്തർദേശീയ സമൂഹത്തിന് കൈമാറാൻ ഉദ്ദേശിക്കുന്നുണ്ടോ ; | (എ) | ഇല്ല |
| (ബി) | ഇങ്ങനെ വിവരങ്ങൾ നൽകുന്നതുകൊണ്ടുളള പ്രയോജനങ്ങൾ എന്തെല്ലാമാണ് ; | (ബി) (സി) & (ഡി) | മേൽ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല. |
| (സി) | ഇപ്രകാരം ചെയ്യുന്നതുകൊണ്ട് എന്തെങ്കിലും ബുദ്ധിമുട്ടുകൾ ഉണ്ടാകുമോ ; എങ്കിൽ വിശദവിവരം നൽകുമോ ; | | |
| (ഡി) | ഇപ്രകാരം ചെയ്യുന്നതിന് കേന്ദ്രത്തിന്റെ അനുമതി ആവശ്യമാണോ ; ആണെങ്കിൽ അത് നേടിയിട്ടുണ്ടോ ? | | |

സെക്ഷൻ ഓഫീസർ

പന്ത്രണ്ടാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.330 — 18.3.2008-ൽ മറുപടിയ്ക്ക്

## ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ മാനേജ്മെൻറ് സെല്ലിൻെറ പ്രവർത്തനം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. അൽഫോൺസ് കണ്ണന്താനം<br>ശ്രീ. എം.എം. മോനായി<br>ശ്രീ. എ. പ്രദീപ് കുമാർ<br>ശ്രീ. ബാബു എം. പാലിശ്ശേരി<br>ശ്രീ. കെ.വി. അബ്ദുൾ ഖാദർ | ശ്രീ. വി.എസ്. അച്യുതാനന്ദൻ<br>(മുഖ്യമന്ത്രി) |
| (എ) ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ മാനേജ്മെൻറ് സെല്ലിൻെറ പ്രവർത്തനം സംബന്ധിച്ച് വിശദാംശം വ്യക്തമാക്കുമോ; | (എ) ഐ.ടി. മേഖലയിലുള്ള നിക്ഷേപം വർദ്ധിപ്പിക്കുന്നതിനു വേണ്ടി കേരള സ്റ്റേറ്റ് ഐ.ടി. മിഷൻ രൂപീകരിച്ചതാണ് ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ മാനേജ്മെൻറ് സെൽ. ഇൻവെസ്റ്റ്മെൻറ് പ്രമോഷനുവേണ്ടി പ്രധാനമായും ഐ.ടി. വ്യവസായ യൂണിറ്റുകൾക്ക് സബ്സിഡി നൽകുന്നതിനുള്ള ഒരു സെല്ലാണ് ഇത്. സബ്സിഡി ലഭിക്കേണ്ട ഐ.ടി. വ്യവസായ യൂണിറ്റുകൾ ഐ.ടി. മിഷനിൽ രജിസ്റ്റർ ചെയ്യുകയും അപേക്ഷ നൽകുകയും ചെയ്യുമ്പോൾ സർക്കാർ അംഗീകരിച്ച ഇൻവെസ്റ്റ്മെൻറ് പ്രമോഷൻ മാനുവൽ പ്രകാരം അർഹമായ യൂണിറ്റുകൾക്ക് നടപടികൾ അനുസരിച്ച് സബ്സിഡികൾ നൽകുന്നു. |
| (ബി) കേരളത്തെ ഐ.ടി. നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുന്നതിന് പ്രസ്തുത സെല്ലിൻെറ പ്രവർത്തനം എത്ര മാത്രം സഹായകമായിട്ടുണ്ടെന്ന് വിശദമാക്കുമോ; | (ബി) ഇൻവെസ്റ്റ്മെൻറ് പ്രമോഷനുവേണ്ടി വിവിധ മേളകളും റോഡ് ഷോകളും നടത്തിവരുന്നു. ഇൻവെസ്റ്റ്മെൻറ് സബ്സിഡി നൽകിയും മേളകളും റോഡ് ഷോകളും നടത്തിയും ഐ.ടി. വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുവാൻ സാധിച്ചിട്ടുണ്ട്. 467-ഓളം ഐ.ടി. യൂണിറ്റുകൾ നാളിതുവരെ ഐ.റ്റി. മിഷനിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. |

(സി) ഐ.ടി. രംഗത്തെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഐ.ടി. നയത്തിൽ പ്രത്യേക സാമ്പത്തിക ആനുകൂല്യങ്ങൾ വാഗ്ദാനം ചെയ്തിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) ഐ.ടി. രംഗത്തെ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് ഐ.ടി. നയത്തിൽ തിരുവനന്തപുരം, എറണാകുളം ജില്ലകളിൽ 30%ഉം മറ്റു ജില്ലകളിൽ 40%ഉം സ്റ്റാൻേറർഡ് ഇൻവെസ്റ്റ്മെൻറ് സബ്സിഡി പ്രഖ്യാപിച്ചിട്ടുണ്ട്. ഐ.റ്റി. വ്യവസായ യൂണിറ്റുകൾ, ഗവൺമെൻറ് ഐ.റ്റി. പാർക്കുകൾ, സർട്ടിഫൈഡ് ഐ.റ്റി. പാർക്കുകൾ, അക്ഷയ ഇ-സെൻററുകൾ എന്നിവ അവയുടെ കണക്ടഡ് ലോഡ് അനുസരിച്ച് ഹൈ ടെൻഷൻ-1 ലോ ടെൻഷൻ-4 വ്യവസായ വിഭാഗത്തിൽ വരുന്ന ഊർജ്ജ നിരക്കുകൾക്ക് അർഹരാണ്.

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ഐ.ടി. രംഗത്ത് എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റ ശേഷം ടെക്നോപാർക്കിലും ഇൻഫോ പാർക്കിലും ഏകദേശം 954 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്. അതിനു പുറമേ സ്വകാര്യഐ.റ്റി.യൂണിറ്റുകളും ഐ.റ്റി.പാർക്കുകളും നിക്ഷേപം നടത്തുന്നുണ്ട്.

(ഇ) ഐ.ടി. രംഗത്ത് ആവശ്യമായ മനുഷ്യ വിഭവശേഷി ലഭ്യമാക്കുന്നതിന് പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

(ഇ) ഐ.ടി. രംഗത്ത് ആവശ്യമായ മനുഷ്യ വിഭവശേഷി ലഭ്യമാക്കുന്നതിന് ഐ.ടി. മിഷൻ പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ട്. കമ്മ്യൂണിക്കേഷൻ സ്കിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടി അവസാന വർഷ പോളിടെക്നിക്ക് വിദ്യാർത്ഥികൾക്ക് പ്രത്യേക പരിശീലനം നൽകിവരുന്നു. സ്വതന്ത്ര സോഫ്റ്റ്വെയർ വികസിപ്പിക്കുന്നതിന് വേണ്ട പരിശീലനം നൽകുന്നുണ്ട്. ഐ.എച്ച്. ആർ.ഡി.യുമായി സഹകരിച്ച് ഫിനിഷിംഗ് സ്ക്കൂൾ പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരത്ത് ഒരു മോഡൽ ഫിനിഷിംഗ് സ്ക്കൂൾ ആരംഭിച്ചു.

സെക്ഷൻ ഓഫീസർ